## ജി.എം.എൽ.പി.എസ് കൊയപ്പ
### തേഞ്ഞിപ്പലം പി. ഒ. പാണമ്പ്ര
### മലപ്പുറം ജില്ല, 673 636




# അക്കാദമിക് മാസ്റ്റർപ്ലാൻ

## സ്കൂൾ പ്രൊഫൈൽ 2025-2026

## ജി.എം.എൽ.പി.എസ് കൊയപ്പ

| | | | |
|---|---|---|---|
| 1. | സ്കൂളിന്റെ പേര് | : | ജി.എം.എൽ.പി.എസ് കൊയപ്പ |
| 2. | മേൽവിലാസം | : | തേഞ്ഞിപ്പലം പി.ഒ.,<br>പാണമ്പ്ര<br>മലപ്പുറം ജില്ല-673 636 |
| 3. | ഇ.മെയിൽ വിലാസം | : | Koyappagmlp @ gamil.com |
| 4. | ബ്ലോഗ് അഡ്രസ്സ് | : | |
| 5. | ഫോൺനമ്പർ | : | 0494-2400060 |
| 6. | വിദ്യാഭ്യാസ ഉപജില്ല | : | വേങ്ങര |
| 7. | വിദ്യാഭ്യാസ ജില്ല | : | തിരൂരങ്ങാടി |
| 8. | റവന്യു ജില്ല | : | മലപ്പുറം |
| 9. | ഗ്രാമപഞ്ചായത്ത് | : | തേഞ്ഞിപ്പലം |
| 10. | ബ്രോക്ക് പഞ്ചായത്ത് | : | തിരൂരങ്ങാടി |
| 11. | ജില്ല പഞ്ചായത്ത് | : | മലപ്പുറം |
| 12. | താലൂക്ക് | : | തിരൂരങ്ങാടി |
| 13. | വാർഡ് നമ്പറും പേരും | : | 6 |
| 14. | സർവ്വേ നമ്പറും ഭൂവിസ്തൃതിയും | : | 49 സെന്റ് |
| 15. | വില്ലേജ് | : | തേഞ്ഞിപ്പലം |
| 16. | സ്കൂൾ ഉടമസ്ഥത | : | സർക്കാർ |
| 17. | സ്കൂൾ വിഭാഗം | : | ലോവർ പ്രൈമറി (1 മുതൽ 5 വരെ) |
| 18. | പഠനമാധ്യമം | : | മലയാളം |
| 19. | സ്കൂൾ കോഡ് | : | 19853 |
| 20. | യു.ഡയസ് കോഡ് | : | 32051300831 |
| 21. | പ്രധാനധ്യാപകൻ | : | ആനി എഡ്വേഡ് |
| 22. | പി.ടി.എ പ്രസിഡന്റ് /<br>എസ്.എം.സി ചെയർമാൻ | : | പ്രകാശൻ കെ |
| 23. | എം.ടി.എ പ്രസിഡന്റ് | : | ദിവ്യ ടി. |
| 24. | വാർഡ് മെമ്പർ | : | മിനി പി. |
| **നിലവിലുള്ള അധ്യാപകർ** | | | |
| 1. | ഹെഡ്മിസ്ട്രസ് | : | ആനി എഡ്വേഡ് |
| 2. | ബിന്ദു കുര്യാക്കോസ് | : | അസിസ്റ്റന്റ് ടീച്ചർ |
| 3. | രഞ്ജിത്ത് ജി | : | അസിസ്റ്റന്റ് ടീച്ചർ |
| 4. | സബിത ഇ. കെ. | : | അസിസ്റ്റന്റ് ടീച്ചർ |
| 5. | കാഞ്ചന ഇ. കെ. | : | അസിസ്റ്റന്റ് ടീച്ചർ |
| 6. | രജനി | : | അസിസ്റ്റന്റ് ടീച്ചർ |
| 7. | നജ്മ കെ | : | അറബിക്ക് |
| 8. | ബാലകൃഷ്ണൻ കെ. | : | പി. റ്റി. സി. എം. |
| 9. | സരസ്വതി | | കുക്ക് |

## വിദ്യാലയ സംരക്ഷണ സമിതി പ്രവർത്തനങ്ങൾ

2016-17 ൽ രൂപംകൊണ്ട് വിദ്യാലയസംരക്ഷണസമിതി 20125-26 അധ്യയന വർഷത്തിൽ കൂടുതൽ കുട്ടികളെ സ്കൂളിലെത്തിക്കുന്നതിനായി ഗൃഹസന്ദർശനം നടത്തുകയുണ്ടായി. സ്ക്വാഡ് തിരിഞ്ഞ് നാലു ഭാഗത്തുമായി ഗൃഹസന്ദർശനം നട ത്തുകയും അതിന്റെ ഫലമായി കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുവാനും കഴിഞ്ഞു. ഇംഗ്ലീഷ് മീഡിയം നേഴ്സറിയും തുടങ്ങുകയുണ്ടായി. കുട്ടിച്ചന്ത, മികവുത്സവം എന്നിവ സംരക്ഷണസമിതിയുടെ നേതൃത്വത്തിൽ പൂർവ്വാധികം ഭംഗിയായി നട ത്തുവാൻ സാധിച്ചു. ഈ അധ്യയനവർഷത്തിൽ പ്രവേശനോത്സവം മുതൽ കഴിഞ്ഞ മേളകൾ വരെ വിദ്യാലയസംരക്ഷണസമിതിയുടെ നേതൃത്വത്തിൽ ദിനാച രണങ്ങൾ ഉൾപ്പെടെ ധാരാളം അക്കാദമിക പ്രവർത്തനങ്ങൾ നടക്കുകയുണ്ടായി. ആരോഗ്യവകുപ്പുമായി സഹകരിച്ച് എം.ആർ.വാക്സിനേഷൻ 99.9% ആകുവാൻ സാധിച്ചു. സ്കൂളിലെത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതതു ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തുന്നതോടൊപ്പം കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ ആവശ്യമായ പദ്ധതികളുടെ ആസൂത്രണം വിദ്യാലയസംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ ചെയ്തുകഴിഞ്ഞു.

## ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പ്രധാന ലക്ഷ്യം ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്. ഇതിന്റെ ഭാഗമായി ഓരോ കുട്ടിയുടേയും അറിവും കഴിവും അതത് പ്രായഘട്ടത്തിനനുസൃതമായും കരിക്കുലം വിഭാവന ചെയ്തപ്രകാരം ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കേണ്ടതുണ്ട്. അക്കാദമികമായി ഇക്കാര്യങ്ങൾ ഉറപ്പാക്കാൻ എന്തെല്ലാം ചെയ്യണമെന്ന് കൃത്യമായി ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഈ അക്കാദമിക ആസൂത്രണത്തിന്റെ ഭാഗമായി മാത്രമേ കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെ സവിശേഷമായതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയൂ. ഇങ്ങനെ ഒരു സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടേയും അക്കാദമിക വളർച്ചയ്ക്കുവേണ്ടി തയ്യാറാക്കുന്ന സമഗ്രമായ രേഖയാണ് അക്കാദമിക് മാസ്റ്റർപ്ലാൻ.

വിദ്യാലയത്തിലെ സമഗ്രവികസനത്തിനുള്ള അയവുള്ള ചട്ടക്കൂടായി പ്രവർത്തിക്കുക വഴി വിദ്യാലയം മുന്നോട്ട്വയ്ക്കുന്ന ലക്ഷ്യപൂർത്തീകരണത്തിനായി സ്വീകരിക്കേണ്ട വഴികളും തന്ത്രങ്ങളും വ്യക്തമാക്കുന്ന രേഖയാണിത്.

## അക്കാദമിക കാഴ്ചപ്പാട് - പൊതുലക്ഷ്യങ്ങൾ

- ഒന്നു മുതൽ അഞ്ചുവരെയുള്ള ഓരോ ക്ലാസ്സിലും കുട്ടി പ്രതീക്ഷിതനിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
- സ്നേഹം, അനുതാപം, സഹവർത്തിത്വം തുടങ്ങിയ മൂല്യങ്ങൾ വളർത്തുന്നതിലൂടെ ജനാധിപത്യ-മതേതര കാഴ്ചപ്പാട്, പരിസ്ഥിതി അവബോധം, ലിംഗനീതി എന്നിവ കുട്ടികളിൽ ഉണ്ടാക്കാവുന്നതാണ്.
- മികച്ച ശാരീരിക മാനസിക വൈകാരിക ആരോഗ്യം കുട്ടികളിൽ ഉറപ്പാക്കൽ.
- മാതൃഭാഷയോടൊപ്പം ഇംഗ്ലീഷ്, ഹിന്ദി, അറബിക് എന്നീ ഭാഷകളിൽ എഴുതുന്നതിനും വായിക്കുന്നതിനും സംസാരിക്കുന്നതിനുമുള്ള ശേഷി കൈവരിക്കാനാവശ്യമായ പ്രവർത്തനങ്ങൾ കണ്ടെത്തുക.
- ക്യാമ്പസ് ഒരു പാഠപുസ്തകം, ജൈവ വൈവിധ്യപാർക്ക് ഇവ നടപ്പിലാക്കുക.
- ക്ലീൻ ക്യാമ്പസിലൂടെ മാലിന്യ നിർമ്മാർജ്ജന അവബോധം കുട്ടികളിൽ ഉളവാക്കുക.
- സി.ഡബ്ലിയു.എസ്.എൻ കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് ഐ.സി.ടി സാധ്യത ഉറപ്പാക്കുക.
- സമയബന്ധിതമായ ഉദ്യോഗസ്ഥതല മോണിറ്ററിംങ്ങ്
- എല്ലാ കുട്ടികളും ഓരോ പ്രായഘട്ടത്തിനും അനുയോജ്യമാംവിധം മികച്ച നിലയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്നുറപ്പാക്കുക.
- കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക
- ഓരോ ഘട്ടം പൂർത്തിയാക്കുമ്പോഴും (LP) കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷകർത്താക്കളടക്കമുള്ള സമൂഹത്തെ അറിയിക്കുക.

- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയതലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തനാക്കുക.

- ഒന്നാം ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും ഏറ്റവും ഉയർന്ന പഠനനേട്ടം ഉറപ്പാക്കും. ഇതിനായി ഒന്നിൽ നൂറ് പരിപാടി നടപ്പിലാക്കും.

- എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരും സർഗ്ഗാത്മക രചയിതാക്കളുമാക്കി മാറ്റുന്നതിനുള്ള വായനയുടെ ലോകം പദ്ധതി നടപ്പിലാക്കും (വായനലോകം/ പുസ്തകലോകത്തേക്ക്)

## ഓർമ്മകളിലെ കൊയപ്പ - ചരിത്രം

പരപ്പനാട് വലിയ പുതിയ കോവിലകം രാജാക്കന്മാരുടെ ഭരണത്തിനു കീഴിലായിരുന്ന തേഞ്ഞിപ്പലം ദേശത്ത് കൊയപ്പ പ്രദേശത്ത് 1915-ൽ ഒരു എഴുത്ത് പള്ളിയായിട്ടാണ് ഈ സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നത്. ഈ പ്രദേശത്ത് വിദ്യാഭ്യാസപ്രവർത്തനങ്ങൾ ആരംഭിക്കാൻ നാട്ടുകാർ ജാതിമതഭേദമന്യേ കൊണ്ടോട്ടിയിൽനിന്ന് ചിലരെ കൊണ്ടുവരികയും മൊടപ്പിലാശ്ശേരി തറവാട്ടുകാർ ഇവർക്ക് അങ്കപ്പറമ്പിൽ താമസസൗകര്യം ഏർപ്പാടാക്കുകയും ചെയ്തുവെന്നാണ് പറയപ്പെടുന്നത്. അപ്രകാരം കൊണ്ടുവന്ന വ്യക്തിയാണ് പുതിയവീട്ടിൽ അബ്ദുല്ല മൊല്ല. അദ്ദേഹം വീട്ടിൽ തുടങ്ങിയ ഓത്തുപള്ളിയിൽ പ്രദേശത്ത് അനേകം കുട്ടികൾ ഓത്തിനിരുന്നു. അബ്ദുല്ലമൊല്ലയുടെ മൂത്തമകനാണ് കൊയപ്പ സ്കൂളിന്റെ പ്രഥമ പ്രധാനാദ്ധ്യാപകനായ പുതിയവീട്ടിൽ അമീർ മാസ്റ്റർ. അബ്ദുല്ല മൊല്ലയുടെ മറ്റൊരു മകനായ കുഞ്ഞാലൻ മൊല്ല സ്കൂളിലെ അധ്യാപകനുമായിരുന്നു.

മുസ്ലീം സ്കൂൾ എന്നാണ് കൊയപ്പ സ്കൂൾ അക്കാലത്ത് അറിയപ്പെട്ടിരുന്നത്. ഔദ്യോഗികമായ പേര് കൊയപ്പ ബോർഡ് മാപ്പിള സ്കൂൾ (ബി.എം.സ്കൂൾ) എന്നും. കൊയപ്പയിൽ ഉൾപ്പെട്ട നീരോൽപ്പാലം ഭാഗത്താണ് സ്കൂൾ പാസായിരുന്നത്. അതനുസരിച്ച് സ്ഥലം സന്ദർശിക്കാൻ തുക്കിടി സാഹിബ് എന്നറിയപ്പെടുന്ന ഡെപ്യൂട്ടി കലക്ടർ രാമനാട്ടുകരയിൽനിന്നും കാളവണ്ടിയിൽ യാത്രചെയ്ത് പാണമ്പ്ര വന്നിറങ്ങുകയായിരുന്നു. അമീർമാസ്റ്ററും അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നു. പൗരപ്രധാനിയുംസമ്പന്നനുമായിരുന്നു. പെരിഞ്ചീരിമാട്ടിൽ ബീരാൻ എന്നയാൾ സ്കൂളിനാവശ്യമായ സ്ഥലം പാണമ്പ്രത്തന്നെ തരാമെന്നുപറഞ്ഞപ്പോൾ ഡെപ്യൂട്ടി കലക്ടർ യാത്ര അവസാനിപ്പിക്കുകയായിരുന്നു. കൊയപ്പ സ്കൂൾ അതോടെ പാണമ്പ്രയിൽ സ്ഥാപിതമായി. കൊയപ്പപ്പാടത്തിന്റെ അരികുപറ്റി വിദ്യയുടെ ഒരു സരസ്വതിക്ഷേത്രം അങ്ങനെ തുടക്കംകൊണ്ടു. ചരിത്രപ്രസിദ്ധമായ കൊയപ്പ ജി.എം.എൽ.പി. സ്കൂളിന്റെ ഉത്ഭവം. അധികാരസ്വരൂപിയായൊരു തുക്കിടിയുടെ മനോമുകുരത്തിൽ സർക്കാരിന്റെ വരമായൊരു സ്കൂൾ രൂപംകൊണ്ടു.

1915-ൽ സ്ഥാപിതമായ സ്കൂളിന്റെ ഉയർച്ചകൾ വളരെ വലുതായിരുന്നു. ഈ വിദ്യാലയത്തിൽനിന്നും പഠിച്ചിറങ്ങിയവരിൽ ചിലർ ഇന്ന് സമൂഹത്തിലെ പ്രഗൽഭരായ വ്യക്തികളാണ്. നൂറാം വാർഷികം ആഘോഷിച്ച ഈ വിദ്യാലയം കുറച്ച്

വർഷങ്ങളായി കുട്ടികളുടെ എണ്ണത്തിൽ പിന്നോക്കാവസ്ഥയിലാണ്. എന്നാൽ ഇതിനെ തരണംചെയ്യാനുള്ള തീവ്രശ്രമത്തിലാണ് വിദ്യാലയസംരക്ഷണസമിതി.

ഈ വിദ്യാലയത്തിനു ചുറ്റുമായി ഇംഗ്ലീഷ് മീഡിയം പോലുള്ള സ്കൂളുകളുടെ അതിപ്രസരണം കുട്ടികളുടെ കുറവിലേക്ക് ഈ വിദ്യാലയത്തെ നയിച്ചു. ഇംഗ്ലീഷ് ഇഷ്ടപ്പെടുന്ന മാതാപിതാക്കളുടെ ഇടയിൽ ഇന്ന് ഈ വിദ്യാലയം ഒന്നും അല്ലാതായി ത്തീർന്നു. വാഹനസൗകര്യം, ഇംഗ്ലീഷ് വിദ്യാഭ്യാസം ഗവണ്മെന്റ് സ്ഥാപനം എന്ന അവഗണന ഈ വിദ്യാലയത്തിൽ കുട്ടികൾ കുറയാനുള്ള കാരണമായിത്തീർന്നു.

ഈ വിദ്യാലയം സ്ഥിതിചെയ്യുന്ന പ്രദേശം ഏതൊരു സ്കൂളിനെയും വെല്ലുന്ന തായിരുന്നു. ശാന്തമായ ഒരു പ്രദേശം അത് ഏതൊരു സ്കൂളിനെയും ചെലുത്തുന്ന പ്രധാന ഘടകമാണ്. അത് തികച്ചും യാഥാർത്ഥ്യവുമാണ്. കൊയപ്പ ജി.എം.എൽ.പി സ്കൂളിന്റെ സൗകര്യങ്ങൾ ഓരോ വർഷവും മാറിക്കൊണ്ടിരിക്കുകയാണ്. മറ്റേതു വിദ്യാലയങ്ങളിൽനിന്നും ലഭിക്കുന്നത് ഇന്ന് ഈ വിദ്യാലയത്തിൽനിന്നും ലഭിക്കുന്നു ണ്ടെന്ന് രക്ഷിതാക്കൾ അറിയാതെ പോകുന്നു.

ഇന്ന് ഈ വിദ്യാലയം എത്തിച്ചേർന്നിരിക്കുന്നത് കാഴ്ചകൾക്കും അപ്പുറമാണ്. ചില രക്ഷിതാക്കളുടെ കണ്ണുകൾ തുറക്കുകയും ഇന്ന് ഈ വിദ്യാലയത്തിൽ കുട്ടികൾ ഏറിവരികയും ചെയ്തു. വാഹനസൗകര്യം വന്നു. പഠനത്തിനായി കമ്പ്യൂട്ടർ ലാബു കളും സ്മാർട്ട് റൂമുകളും പടിപടിയായി വന്നു. 6 അധ്യാപകരും ഒരു പ്രധാനാധ്യാപി കയും 114 വിദ്യാർത്ഥികളുമായി ഈ വിദ്യാലയം ഒരുപാട് മുന്നോട്ടുനീങ്ങി. അതിനിട യിൽ പത്തും പന്ത്രണ്ടും വിദ്യാർത്ഥികളുണ്ടായിരുന്ന ക്ലാസുകളിൽ ഇന്ന് പതിനേഴും ഇരുപതും വിദ്യാർത്ഥികളായി ഉയർന്നു. ശാസ്ത്രമേളയിൽ സബ്ജില്ലാ തലത്തിൽ ഓവറോൾ മൂന്നാം സ്ഥാനവും കലാമേളയിൽ സബ്ജില്ല വരെയും ഇന്ന് ഈ കുരുന്നു പ്രതിഭകൾ സ്കൂളിന്റെ പേര് ഉയർത്തിപ്പിടിച്ചു.

എൽ.എസ്.എസ്. കോച്ചിങ്ങും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വിജയഭേരി ക്ലാസുകളും നൽകി പഠനനിലവാരം മെച്ചപ്പെടുത്താൻ അധ്യാപകരും ഒപ്പം രക്ഷിതാക്കളും ഇന്നു മുന്നിൽത്തന്നെ. ആയതിനാൽ ഇന്ന് സ്കൂളിന്റെ പേരും പ്രശസ്തിയും ഉയർന്നു നിൽക്കുന്നു. കൂടാതെ പണ്ട് കഞ്ഞിയും പയറും കഴിച്ചുവളർന്നുവെങ്കിൽ ആ സ്ഥാനത്ത് വിഭവസമൃദ്ധമായ ഭക്ഷണരീതിയും കൂടെ പാലും മുട്ടയും നൽകി കുട്ടികളെ പോഷകസമൃദ്ധമായ ഭക്ഷണത്തിലേക്ക് എത്തിച്ചു.

നമ്മുടെ വിദ്യാലയത്തിലെ കുട്ടികളില്ലായ്മ ഒരുകാലത്ത് നന്നായി അനുഭവപ്പെ ട്ടെങ്കിലും അത് ചുറ്റുപാടുമുള്ള വിദ്യാലയങ്ങളുടെ കടന്നുകയറ്റമാണ്. ഇന്ന് ഈ വിദ്യാലയത്തിൽ കുട്ടികളുണ്ട്. പ്രഗത്ഭരായ അധ്യാപകരും മറ്റു സഹപ്രവർത്തകരുമാ യി ഒരുപാട് പേരുണ്ട്. ഈ വിദ്യാലയം നിലനിന്നുപോവേണ്ടത് ഇന്ന് ഈ നാടിന്റെ ആവശ്യമാണ്.

## ജി.എം.എൽ.പി.എസ് കൊയപ്പ

## നാം മുന്നോട്ട്

**2017-18 വർഷത്തെ തനതു പ്രവർത്തനങ്ങൾ**

❖ **നാട്ടിലെ സ്കൂൾ നമ്മുടെ സ്കൂൾ**

- സ്കൂൾ പരിസരത്തെ മുഴുവൻ കുട്ടികളെയും സ്കൂളിലേക്ക് എത്തിക്കുന്നതിനുള്ള പരിശ്രമം.
- ഭവന സന്ദർശനം.
- സ്കൂളിന്റെ മികവുകൾ പരസ്യപ്പെടുത്തുന്നു.
- സ്കൂളിലെ മുഴുവൻ കുട്ടികളുടെയും വീടിനെക്കുറിച്ച് അറിയൽ.

❖ **അമ്മയോടൊപ്പം ക്ലാസ്മുറിയിൽ**

- അമ്മമാർക്ക് തങ്ങളുടെ കുട്ടികളോടൊപ്പം ക്ലാസിലിരിക്കുന്നതിനും കുട്ടികളുടെ ഭീതി അകറ്റുന്നതിനും പഠനപ്രവർത്തനങ്ങളുടെ രീതി പഠനതന്ത്രങ്ങൾ, പഠനനേട്ടങ്ങൾ എന്നിവ മനസ്സിലാക്കുന്നതിനുമുള്ള അവസരം.

❖ **അമ്മ വായന**

- അമ്മമാർക്കുവേണ്ടി ലൈബ്രറി പുസ്തകങ്ങൾ നൽകുന്നു.
- വായനാക്കുറിപ്പുകൾ തയ്യാറാക്കുന്നു.
- പതിപ്പാക്കി പ്രദർശിപ്പിക്കുന്നു.
- കുട്ടികളിൽ വായനാശീലം വളർത്തുന്നതിനും വായന ഇഷ്ടപ്പെടുന്നതിനും സഹായിക്കുന്നു.

❖ **പുസ്തകലോകത്തേക്ക് / വായനാലോകം**

- ആഴ്ചയിൽ ഒരുദിവസം കുട്ടികൾക്ക് ലൈബ്രറി പുസ്തകം വിതരണം ചെയ്യുന്നു.
- വായനാക്കുറിപ്പുകൾ തയ്യാറാക്കുന്നു.
- മികച്ചവ സർഗ്ഗോത്സവത്തിൽ അവതരിപ്പിക്കുന്നു.
- അക്ഷരച്ചിറകിൽ പ്രസിദ്ധീകരിക്കുന്നു.

❖ **സർഗ്ഗോത്സവം**

- ആഴ്ചാവസാനം അവസാനത്തെ പിരിയഡ് കുട്ടികളുടെ കലാപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള അവസരം
- ഓരോ കുട്ടിക്കും പരിപാടികൾ അവതരിപ്പിക്കുന്നതിനുള്ള അവസരം

- ക്ലാസ്തലത്തിൽ കുട്ടികൾ തന്നെ പരിപാടികൾ നിയന്ത്രിക്കുന്നു. (അധ്യക്ഷൻ, ഉദ്ഘാടകൻ തുടങ്ങിയവ)

**❖ അക്ഷരച്ചിറകുകൾ (കയ്യെഴുത്തുപ്രതി)**

- കുട്ടികളുടെ രചനാപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള അവസരം
- വിദ്യാരംഗം കലാസാഹിത്യവേദി, ക്ലാസ്തല രചനകൾ യാത്രാവിവരണം എന്നിവയിൽനിന്നും തെരഞ്ഞെടുത്തവ ഉൾക്കൊള്ളിക്കുന്നു.
- ഓരോ ടേമിലും ഓരോന്നുവീതം പ്രസിദ്ധീകരിക്കുന്നു.

**❖ അറിവാണെൻ ചങ്ങാതി**

- കുട്ടികളിൽ പൊതുവിജ്ഞാനം വളർത്തുന്നതിനായി 'ഇന്നറിയാൻ', 'ഉത്തരപ്പെട്ടി' എന്നീ പ്രവർത്തനങ്ങൾ നടത്തുന്നു.
- 'ഇന്നറിയാൻ' ദൈനംദിന പൊതുവിജ്ഞാന ചോദ്യാവലികൾ.
- 'ഉത്തരപ്പെട്ടി' - ആനുകാലികപ്രസക്തിയുള്ള ചോദ്യാവലി.
- മാസത്തിലൊരിക്കൽ പ്രശ്നോത്തരികൾ നടത്തുന്നു. വിജയികളെ കണ്ടെത്തുന്നു.
- ടാലന്റ് സേർച്ച് മാതൃകയിൽ മെഗാക്വിസ് മത്സരം വർഷാവസാനം നടത്തുന്നു.

**❖ ചങ്ങാതിക്കണക്ക്**

- ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ആവശ്യമായ പിന്തുണയും സഹായവും ഉറപ്പാക്കുന്നു. ഗണിതലാബ് ഉപകരണങ്ങൾ ലളിതമായ പ്രായോഗിക പ്രശ്നങ്ങൾ എന്നിവയുടെ സഹായത്തോടെ നടപ്പിലാക്കുന്നു.

**❖ യാത്രയുടെ കഥ**

- നമ്മുടെ കുട്ടികൾ നടത്തുന്ന വലുതും ചെറുതുമായ ഏതൊരു യാത്രയും വിവരണമായി എഴുതുന്നു.
- മികച്ചവ കയ്യെഴുത്ത് മാസികകളിൽ പ്രസിദ്ധപ്പെടുത്തുന്നു.
- യാത്രയോടും യാത്രാവിവരണത്തോടും താല്പര്യമുണ്ടാക്കുന്നു.

**❖ ഒപ്പമെത്താം എത്തിപ്പിടിക്കാം**

- ഓരോ ക്ലാസിലും പിന്നോക്കം നിൽക്കുന്ന കുട്ടികളെ തെരഞ്ഞെടുത്ത് പഠനത്തിൽ അവർക്കാവശ്യമായ സഹായങ്ങൾ നൽകുക.

- എല്ലാദിവസവും ഉച്ചക്ക് 2 മണിമുതൽ 2.30 വരെ പ്രത്യേക പരിശീലനം നൽകുന്നു.
- മുന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക എൽ.എസ്.എസ് പരിശീലനം രാവിലെ 9.30 മുതൽ 10.30 വരെയും 4.30 മുതൽ 5.30 വരെയും, ഒഴിവു ദിവസങ്ങളിലും നൽകിവരുന്നു.

**❖ നാട്ടുപച്ച**

- സ്കൂളിലും പരിസരങ്ങളിലും മരങ്ങൾ വച്ചുപിടിപ്പിക്കുക.
- മരങ്ങൾ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുക.
- പരിസ്ഥിതി ദിനാചരണങ്ങൾ, പോസ്റ്റർ, മുദ്രാവാക്യനിർമ്മാണം.

**❖ മണ്ണിനെ അറിയാം**

- സ്കൂളിൽ, പൂന്തോട്ടം, ജൈവപച്ചക്കറിത്തോട്ട നിർമ്മാണം, പരിപാലനം, വിളവെടുപ്പ്, പച്ചക്കറി വിത്തുശേഖരണം.
- ജൈവവളം, കീടനാശിനി നിർമ്മാണം.

**❖ ഞങ്ങളുടെ കൂടെ**

- പൂർവ്വവിദ്യാർത്ഥി കൂട്ടായ്മ രൂപീകരണം
- പൂർവ്വവിദ്യാർത്ഥി സംഗമം, ഓർമ്മക്കുറിപ്പ്, അനുഭവസമാഹരണം.

**❖ കുട്ടിച്ചന്ത/ഭക്ഷ്യമേള**

- ഒരു വർഷം നേടിയ പഠനശേഷികളുടെ വിലയിരുത്തൽ ഒറ്റ പ്രവർത്തനത്തിലൂടെ
- ചതുഷ്ക്രിയകൾ, ചില്ലറയാക്കൽ, വരവുചെലവ് കണക്കാക്കൽ, വിലയിടൽ, നിരീക്ഷണം, താരതമ്യം, അളവ്, തൂക്കം, നിർമ്മാണപ്രവർത്തനങ്ങൾ, ലാഭം, നഷ്ടം, നാടൻ ഭക്ഷണങ്ങൾ, പാചകക്കുറിപ്പ്, തൊഴിലിന്റെ മഹത്വം, ജൈവകൃഷി ആഹാരവും, ആരോഗ്യവും, പത്രവാർത്ത, പോസ്റ്റർ, നോട്ടീസ്.... തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾ.

**❖ വീട്ടിലെ ഭക്ഷണം**

- ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ കൊണ്ടുവരുന്ന അവരവരുടെ വീടുകളിൽ വിളയിച്ച നാടൻഭക്ഷ്യവസ്തുക്കൾ കൊണ്ടുള്ള നാടൻവിഭവങ്ങൾ.

**❖ പ്ലാസ്റ്റിക്കിനെ അകറ്റാം**

- സ്കൂളും പരിസരവും പ്ലാസ്റ്റിക് വിമുക്തമാക്കുക.
- പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുക.

- പ്ലാസ്റ്റിക്കിന്റെ ദൂഷ്യവശങ്ങൾ പോസ്റ്ററിലൂടെ പ്രദർശിപ്പിക്കുക.
- പ്ലാസ്റ്റിക്കിനെതിരെ ബോധവൽക്കരണം നടത്തുക.

❖ **ശുചിത്വം മഹത്വം**

- ശുചിത്വ ബോധവൽക്കരണം
- കുട്ടികളുടെ ആരോഗ്യശുചിത്വം ഉറപ്പാക്കുക.
- ശുചിത്വശീലങ്ങൾ വീട്ടിലും സ്കൂളിലും
- ആരോഗ്യശുചിത്വ കലണ്ടറുകൾ തയ്യാറാക്കുക.

❖ **വിസ്മയിപ്പിക്കുന്ന ആകാശം**

- സഹവാസക്യാമ്പിനോടനുബന്ധിച്ച് വാനനിരീക്ഷണം.
- ചന്ദ്രനെയും നക്ഷത്രങ്ങളെയും കുറിച്ചറിയൽ.

❖ **നാടും നാട്ടാരും**

- പി.ടി.എ, എസ്.എം.സി ശക്തമാക്കുക.
- സ്കൂളിന്റെ പ്രവർത്തനങ്ങളിൽ നാട്ടുകാരുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.

❖ **പഴമയെ അറിയാൻ**

- പ്രാദേശിക ചരിത്രനിർമ്മാണം
- നാട്ടുകാരണവന്മാരുമായി അഭിമുഖം
- പുരാവസ്തു ശേഖരവും പ്രദർശനവും
- പ്രാദേശിക ഭൂപടനിർമ്മാണം
- വയോജന സാക്ഷരതാസർവ്വെ
- വയോജനവിദ്യാഭ്യാസം

❖ **കർഷകഭൂമിയിൽ**

- പ്രാദേശികകർഷകരെ പരിചയപ്പെടൽ, അവരുമായി അഭിമുഖം.
- കൃഷിയിടസന്ദർശനം, വിവിധ കൃഷി ഇനങ്ങൾ, കൃഷിരീതികൾ, വിളവെടുപ്പ്, മാർക്കറ്റിങ്ങ് പരിചയപ്പെടൽ.

❖ **ഗ്രാമസഭയെ അറിയുക**

- ഗ്രാമസഭയിലേക്ക്
- പാർലമെന്ററി രീതികൾ അറിയൽ.
- നാടിന്റെ വികസനവും പുരോഗതിയും നിർണയിക്കുന്നത് മനസ്സിലാക്കൽ.

❖ **അറിവുതേടി സഞ്ചാരം**

- വിനോദത്തോടൊപ്പം വിജ്ഞാനത്തിനും പ്രാധാന്യം നൽകുന്നതരത്തിൽ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പഠനയാത്രകൾ സംഘടിപ്പിക്കുക.
- യാത്രാക്കുറിപ്പു തയ്യാറാക്കുക.

❖ **ലാഗ്വേജ് ഡേ**

- ആഴ്ചയിൽ ഒരിക്കൽ ഇംഗ്ലീഷ് ഡേ, ഇംഗ്ലീഷ് അസംബ്ലി.
- അന്നേദിവസം ഇംഗ്ലീഷ്മാത്രം സംസാരിക്കുന്നു.
- ഇംഗ്ലീഷ് കേൾക്കുന്നതിനും സംസാരിയ്ക്കുന്നതിനും അവസരം സൃഷ്ടിക്കുന്നു.

❖ **ശാസ്ത്രലോകത്തേക്ക്**

- ശാസ്ത്രക്ലബ്ബ് രൂപീകരിക്കുക.
- ദിനാചരണങ്ങൾ സംഘടിപ്പിക്കുക.
- ശാസ്ത്രമൂലകൾ തയ്യാറാക്കുക.
- ലഘുപരീക്ഷണങ്ങൾ, ശാസ്ത്രക്വിസ് നടത്തുക.
- ശാസ്ത്രപ്രതിഭകളെ പരിചയപ്പെടുത്തുക.
- സ്കൂൾ ശാസ്ത്രമേള നടത്തുക.

❖ **വിരൽത്തുമ്പിൽ**

- എല്ലാകുട്ടികളേയും ഐ.ടി.സാക്ഷരരാക്കുക.
- ഐ.ടി. അധിഷ്ഠിത പഠനത്തിലൂടെ പഠനം രസകരവും ലളിതവുമാക്കുക.

| മേഖല : ഭാഷ | | | | | | | |
|---|---|---|---|---|---|---|---|
| ഉപമേഖല : വായന | | | | | | | |
| നിലവിലുള്ള അവസ്ഥ വിശലനം : കുട്ടികളിൽ വായനയുടെ അഭാവം കണ്ടുവരുന്നു | | | | | | | |
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **പ്രവർത്തനങ്ങൾ നടക്കുന്ന കാലം** | **സാമ്പത്തികവിശകലനം** | | **ചുമതല** | **മോണിററിങ്ങ് പിന്തുണ** | **പ്രതീക്ഷിത നേട്ടങ്ങൾ** |
| | | | **പ്രതീക്ഷിത ചെലവ്** | **സ്രോതസ്സ്** | | | |
| എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരാക്കി മാറ്റുക | • പുതുവർഷം-പുസ്തക വർഷം (പൊതുചടങ്ങ്)<br>• പുസ്തകം സ്വീകരിക്കൽ ക്ലാസ് ലൈബ്രറി സ്ഥാപിക്കൽ<br>• ‘‘മധുരം മലയാളം’<br>• ‘‘എന്തും വായിക്കാം എപ്പോഴും വായിക്കാം.’’ | Jan-1st തുടർച്ചയായി | 5000/- | PTA & Rtd Trs. | PTA പ്രസിഡന്റ്<br>Class Tr.<br>ലൈബ്രറി അധ്യാപകൻ<br>H.M | SMC/PTA H.M | എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുന്നതിന് സാധിക്കുന്നു. |
| വായനാനുഭവങ്ങൾ വിവിധ രീതിയിൽ പങ്കിടുന്നതിന് അവസരം സൃഷ്ടിക്കുക | • ലൈബ്രറി സ്ഥാപിക്കൽ<br>• സമീപഗ്രന്ഥശാല സന്ദർശനം<br>• ഗ്രന്ഥശാലയിൽ അംഗത്വമാവുക | | 2000/- | PTA | Class Tr. | Class Tr. HM. | വായനാനുഭവങ്ങൾ പ്രായോഗികത്വത്തിൽ പങ്കിടുന്നു. |
| ക്ലാസ് ലൈബ്രറി യാഥാർത്ഥ്യമാക്കുക | • ക്ലാസ് നിലവാരം, പഠന നേട്ടം എന്നിവ പരിഗണിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ.<br>• വായനയ്ക്കൊരു വാർഷിക പദ്ധതി<br>• ജന്മദിന കലണ്ടർ തയ്യാ | ആഴ്ചയിൽ ഒരു ദിവസം | | കുട്ടികൾ, PTA സന്നദ്ധസംഘടനകൾ | Class Tr.<br>ലൈബ്രേറിയൻ | H.M | വായനയിൽ താല്പര്യം വർദ്ധിക്കുന്നു. രചനാപരമായ കഴിവുകൾ വർദ്ധിക്കുന്നു. പഠനനിലവാരം മെച്ചപ്പെടുന്നു. |

| മേഖല : ഭാഷ | | | | | | | |
|---|---|---|---|---|---|---|---|
| ഉപമേഖല : വായന | | | | | | | |
| നിലവിലുള്ള അവസ്ഥ വിശലനം : കുട്ടികളിൽ വായനയുടെ അഭാവം കണ്ടുവരുന്നു | | | | | | | |
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തനങ്ങൾ നടക്കുന്ന കാലം | സാമ്പത്തികവിശകലനം | | ചുമതല | മോണിറ്ററിങ്ങ് പിന്തുണ | പ്രതീക്ഷിത നേട്ടങ്ങൾ |
| | | | പ്രതീക്ഷിത ചെലവ് | സ്രോതസ്സ് | | | |
| | റാക്കൽ<br>• വായനാകുറിപ്പ്<br>• വായനാമത്സരം<br>• പുസ്തക പ്രദർശനം | | | | | | |
| രക്ഷിതാക്കളെ വായനയുടെ തലങ്ങളിലെത്തിക്കുന്നതിന് | • വായനാവസന്തം<br>• വായനാവാരാഘോഷം<br>• അമ്മവായന<br>• അമ്മയ്ക്കൊരു പുസ്തകം<br>• ലൈബ്രറി ശാക്തീകരണം<br>• പുസ്തക പ്രദർശനം | ജൂൺ മുതൽ | | സ്കൂൾ ലൈബ്രറി | Class Tr. | SRG<br>HM | അമ്മയിലൂടെ കുട്ടിക്ക് വായനയിൽ താല്പര്യം ഉളവാക്കുന്നു. |
| വായനയിൽ മികവു പുലർത്തുന്നവരെ ആദരിക്കൽ | • വായനാ പ്രതിഭ<br>• വായന പുരസ്കാരം<br>• വായനാസൃഷ്ടികൾക്ക് സമ്മാനം | അധ്യയന വർഷം മുഴുവൻ | | PTA | SRG<br>Convenor<br>HM | HM | ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെയും അച്ചടിമാധ്യമങ്ങളുടെയും ശ്രദ്ധയും അംഗീകാരവും ലഭിക്കുന്നു |
| വ്യത്യസ്ത തലങ്ങളിലൂടെ വായന നടത്തുവാനുള്ള | • വായനാദിനവുമായി ബന്ധപ്പെട്ട് സന്നദ്ധ സംഘടനകൾ നടത്തുന്ന വായനാ മത്സരം | ജൂൺ<br>ജൂലൈ | | ശാസ്ത്രസാഹിത്യപരിഷത്ത് | | | വായനയിലൂടെ മൂല്യബോധം വർദ്ധിക്കുന്നു. ആശയഗ്രഹണ |

| മേഖല : ഭാഷ | | | | | | | |
|---|---|---|---|---|---|---|---|
| ഉപമേഖല : വായന | | | | | | | |
| നിലവിലുള്ള അവസ്ഥ വിശലനം : കുട്ടികളിൽ വായനയുടെ അഭാവം കണ്ടുവരുന്നു | | | | | | | |
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **പ്രവർത്തനങ്ങൾ നടക്കുന്ന കാലം** | **സാമ്പത്തികവിശകലനം** | | **ചുമതല** | **മോണിറ്ററിങ്ങ് പിന്തുണ** | **പ്രതീക്ഷിത നേട്ടങ്ങൾ** |
| | | | **പ്രതീക്ഷിത ചെലവ്** | **സ്രോതസ്സ്** | | | |
| കഴിവ് നേടുക | • വായനാവാരാഘോഷം<br>• യൂറീക്ക, വിജ്ഞാനോത്സവം | | | | Class Teacher | H.M | ത്തിനുള്ള കഴിവ് വർദ്ധിക്കുന്നു. |
| പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികൾക്ക് വായനയുടെ നേട്ടം ലഭ്യമാക്കുന്നതിന് | • ചിത്രവായന<br>• വായനാകാർഡ്<br>• അമ്മ വായന<br>• അമ്മയ്ക്കൊരു പുസ്തകം | അധ്യയന വർഷം | | ബാലപ്രസിദ്ധീകരണങ്ങൾ (ലൈബ്രറി) | Class Tr. രക്ഷിതാവ് | | പഠനത്തിൽ താല്പര്യം ജനിപ്പിക്കുന്നതിനും മാനസികോല്ലാസത്തിനും സാധ്യമാക്കുന്നു |
| രചന പരമായ കഴിവ് വളർത്തുക | • വായനാകുറിപ്പ് തയ്യാറാക്കൽ<br>• ശിൽപ്പശാലകൾ<br>• കഥ, കവിത രചനകൾ<br>• യാത്രാവിവരണം തയ്യാറാക്കൽ<br>• ഡയറി എഴുത്ത്<br>• സംഭാഷണം<br>• സ്കിറ്റുകൾ | നിശ്ചിത സമയങ്ങളിൽ | | | Class Tr. | H.M | സർഗ്ഗാത്മകത വർദ്ധിക്കുന്നു.<br>ആശയഗ്രഹണ വായന മെച്ചപ്പെടുന്നു. |
| പ്രാദേശികമായി വായനാ സാമഗ്രികൾ | • പത്രം, ബാലമാസിക എന്നിവ സന്നദ്ധ സംഘടനകളുടെ സഹായത്താൽ | ജൂൺ, ജൂലൈ | | | | | വായനയുടെ |

| മേഖല : ഭാഷ | | | | | | | |
|---|---|---|---|---|---|---|---|
| ഉപമേഖല : വായന | | | | | | | |
| നിലവിലുള്ള അവസ്ഥ വിശലനം : കുട്ടികളിൽ വായനയുടെ അഭാവം കണ്ടുവരുന്നു | | | | | | | |
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **പ്രവർത്തനങ്ങൾ നടക്കുന്ന കാലം** | **സാമ്പത്തികവിശകലനം** | | **ചുമതല** | **മോണിറ്ററിങ്ങ് പിന്തുണ** | **പ്രതീക്ഷിത നേട്ടങ്ങൾ** |
| | | | **പ്രതീക്ഷിത ചെലവ്** | **സ്രോതസ്സ്** | | | |
| മെച്ചപ്പെടുത്തുക | ലഭ്യമാക്കൽ<br>• ഗ്രന്ഥശാല അംഗത്വം നേടുക | | | ആനുകാലിക പ്രസിദ്ധീകരണങ്ങൾ പഞ്ചായത്ത് ലൈബ്രറി | PTA MTA | Class Tr. | മൂല്യബോധം വർദ്ധിക്കുന്നു. |
| സാഹിത്യാസ്വാദന ചർച്ചകളൊരുക്കിയും സർഗ്ഗാത്മക രചനാ സന്ദർഭങ്ങൾ സൃഷ്ടിച്ചും കുട്ടികളെ ഭാഷാമികവിലേക്കുയർത്തുക | • എഴുത്തുകൂട്ടം ശില്പശാല<br>• വിദ്യാരംഗം ശില്പശാല<br>• വായനാകൂട്ടം<br>• ചുമർ മാസിക<br>• സാഹിത്യകാരന്മാരുമായി സംവദിക്കൽ | അധ്യയന വർഷം | | | Class Tr., SRG, BRC | | സർഗ്ഗാത്മക ശേഷി വർദ്ധിച്ചു. |

| മേഖല : അക്കാദമികം | | | | | | | |
|---|---|---|---|---|---|---|---|
| ഉപമേഖല : ഇംഗ്ലീഷ് പഠനം | | | | | | | |
| നിലവിലുള്ള അവസ്ഥ വിശലനം :ഇംഗ്ലീഷ് വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള പ്രയാസം | | | | | | | |
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തനങ്ങൾ നടക്കുന്ന കാലം | സാമ്പത്തികവിശകലനം | | ചുമതല | മോണിറ്ററിങ്ങ് പിന്തുണ | പ്രതീക്ഷിത നേട്ടങ്ങൾ |
| | | | പ്രതീക്ഷിത ചെലവ് | സ്രോതസ്സ് | | | |
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | **ഇംഗ്ലീഷ് കോർണർ** ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ (Story, picture), മറ്റു പ്രസിദ്ധീകരണങ്ങൾ എന്നിവ ഉൾപ്പെടുത്തി ഇംഗ്ലീഷ് മൂല ഒരുക്കുന്നു. Picture reading, story telling എന്നിവയ്ക്ക് അവസരം നൽകുന്നു. **ഇംഗ്ലീഷ് ബുള്ളറ്റിൻ** കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതു സ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ, വിവരങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിമാസം | 500/- | | ഇംഗ്ലീഷ് ക്ലബ്ബ് | ക്ലാസ് ടീച്ചർ | പഠനം രസകരമാക്കുക<br>വായനയിലും ലേഖനത്തിലും മികവ് വളർത്തുന്നു |
| കളികളിലൂടെയുള്ള ഭാഷാപഠനം | **പദപ്രശ്ന നിർമ്മാണം** ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. നിശ്ചിത സമയത്തിനുള്ളിൽ കുട്ടി | | | | | | |

| മേഖല : അക്കാദമികം | | | | | | | |
|---|---|---|---|---|---|---|---|
| ഉപമേഖല : ഇംഗ്ലീഷ് പഠനം | | | | | | | |
| നിലവിലുള്ള അവസ്ഥ വിശലനം :ഇംഗ്ലീഷ് വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള പ്രയാസം | | | | | | | |
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **പ്രവർത്തനങ്ങൾ നടക്കുന്ന കാലം** | **സാമ്പത്തികവിശകലനം** | | **ചുമതല** | **മോണിററിങ്ങ് പിന്തുണ** | **പ്രതീക്ഷിത നേട്ടങ്ങൾ** |
| | | | **പ്രതീക്ഷിത ചെലവ്** | **സ്രോതസ്സ്** | | | |
| | കൾ ഉത്തരം കണ്ടെത്തുന്നു. ബാലമാസികകളിൽ വരുന്ന പദപ്രശ്നങ്ങൾ സ്വന്തമായി പൂരിപ്പിച്ചെഴുതുന്നു. | പ്രതിമാസം | - | - | ഇംഗ്ലീഷ് ക്ലബ്ബ് | ക്ലാസ് ടീച്ചർ | പഠനം രസകരമാക്കുക |
| വ്യാകരണശുദ്ധിയോടെ പറയാനും, എഴുതാനും ഇംഗ്ലീഷ് കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കാൻ | **ഇംഗ്ലീഷ് ഫെസ്റ്റ്** അവധിക്കാലത്ത് നിശ്ചിത ദിവസം ഇംഗ്ലീഷ് ഫെസ്റ്റ് നടത്തി കുട്ടികൾക്ക് ഇംഗ്ലീഷ് Communication നുള്ള അവസരം നൽകുന്നു. ബന്ധപ്പെട്ട CD, സിനിമ പ്രദർശിപ്പിച്ച് കേൾക്കുന്നതിനും കാണുന്നതിനുമുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ 2 ദിവസം | - | - | ഇംഗ്ലീഷ് ക്ലബ്ബ് | H.M | Communication Skill വളരുന്നു. |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള | **ഇംഗ്ലീഷ് അസംബ്ലി** ആഴ്ചയിൽ 1 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അധ്യാപകർ ഇംഗ്ലീഷ് സന്ദേശം നൽകൽ. ഓരോ ക്ലാസു | ആഴ്ചയിൽ 1 ദിവസം | - | - | ക്ലാസ് ടീച്ചർ | | ഭാഷാകൈകാര്യം ചെയ്യുന്നതിനുള്ള അവസരം ഒരു |

| മേഖല : അക്കാദമികം | | | | | | | |
|---|---|---|---|---|---|---|---|
| ഉപമേഖല : ഇംഗ്ലീഷ് പഠനം | | | | | | | |
| നിലവിലുള്ള അവസ്ഥ വിശലനം :ഇംഗ്ലീഷ് വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള പ്രയാസം | | | | | | | |
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തനങ്ങൾ നടക്കുന്ന കാലം | സാമ്പത്തികവിശകലനം | | ചുമതല | മോണിറ്ററിങ്ങ് പിന്തുണ | പ്രതീക്ഷിത നേട്ടങ്ങൾ |
| | | | പ്രതീക്ഷിത ചെലവ് | സ്രോതസ്സ് | | | |
| ശേഷി വികസിപ്പിക്കുക | കൾക്കും ഇടവിട്ട് ചുമതല നൽകൽ. | | | | | | ക്കുന്നു. |
| കുട്ടികളുടെ ഇംഗ്ലീഷ് പദസമ്പത്ത് വർധിപ്പിക്കൽ | **പ്രീടെസ്റ്റ്**<br>സ്കൂൾ അന്തരീക്ഷത്തെ ഇംഗ്ലീഷ്മയമാക്കുക<br>കുട്ടികളെ വിവിധ ഗ്രൂപ്പുകളാക്കിയുള്ള നിലവാരത്തിനനുസൃതമായ ബോധനം നൽകൽ.<br>ഒരു പദം ഒരു ദിവസം | ജൂൺ ആദ്യവാരം | | | ക്ലാസ്സ് ടീച്ചർ | | ഇംഗ്ലീഷ് പദസമ്പത്ത് വർധിപ്പിക്കലും ഉപയോഗവും |
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | **ഇംഗ്ലീഷ് ഡയറി**<br>ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷ് ഡയറിയിൽ എഴുതുക | ആഴ്ചയിൽ 5 ദിവസം | - | - | ക്ലാസ് ടീച്ചർ | H.M | ഇംഗ്ലീഷ് ലേഖനം അനായാസമാക്കുന്നു. |
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | **ഇംഗ്ലീഷ് തീയറ്റർ**<br>പാഠഭാഗത്തെ പ്രവർത്തനങ്ങളെ വ്യത്യസ്ത വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ<br>ഉദാ: Skit, Conversation, drama, | പ്രതിമാസ പരിപാടി | 500/- | P.T.A | ക്ലാസ് ടീച്ചർ H.M | H.M | സർഗാത്മക ശേഷി വളർത്തുക |

| മേഖല : അക്കാദമികം | | | | | | | |
|---|---|---|---|---|---|---|---|
| ഉപമേഖല : ഇംഗ്ലീഷ് പഠനം | | | | | | | |
| നിലവിലുള്ള അവസ്ഥ വിശലനം :ഇംഗ്ലീഷ് വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള പ്രയാസം | | | | | | | |
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **പ്രവർത്തനങ്ങൾ നടക്കുന്ന കാലം** | **സാമ്പത്തികവിശകലനം** | | **ചുമതല** | **മോണിറ്ററിങ്ങ് പിന്തുണ** | **പ്രതീക്ഷിത നേട്ടങ്ങൾ** |
| | | | **പ്രതീക്ഷിത ചെലവ്** | **സ്രോതസ്സ്** | | | |
| | documentary, choreography | | | | | | |
| വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് പഠനം സാദ്ധ്യമാക്കുന്നു | **വീഡിയോ ക്ലിപ്പിംഗ്** ICT സാദ്ധ്യത ഉപയോഗപ്പെടുത്തി പാഠഭാഗത്തെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നു | ആവശ്യാനുസരണം | - | - | Class teacher | H.M | കുട്ടികളിൽ പഠനത്തിൽ താൽപര്യമുണ്ടാക്കുന്നു. |
| ലേഖനത്തിൽ വരുന്ന തെറ്റുകൾ തിരുത്തുന്നതിന് പോസ്റ്റ് ഓഫീസ് പ്രവർത്തനം നേരിട്ട് മനസ്സിലാക്കുന്നതിന് | **എഡിറ്റിംഗ്** കത്തെഴുത്ത് ഫീൽഡ്ട്രിപ്പ് പോസ്റ്റാഫീസ് സന്ദർശനം | വർഷത്തിലൊരിക്കൽ | - | - | - | H.M H.M Class Tr. | തെറ്റുകൾ സ്വയം മനസ്സിലാക്കുന്നു. തിരുത്തുന്നു പോസ്റ്റാഫീസിലെ പ്രവർത്തനങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും കത്തെഴുതുന്നതിനും കഴിയുന്നു. |

| മേഖല : അക്കാദമികം | | | | | | | |
|---|---|---|---|---|---|---|---|
| ഉപമേഖല : ഹിന്ദി-വായന | | | | | | | |
| നിലവിലുള്ള അവസ്ഥ വിശലനം :പുതിയ ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള പരിചയക്കുറവ് | | | | | | | |
| ക്ലാസ് V | | | | | | | |
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തനങ്ങൾ നടക്കുന്ന കാലം | സാമ്പത്തികവിശകലനം | | ചുമതല | മോണിറ്ററിങ്ങ് പിന്തുണ | പ്രതീക്ഷിത നേട്ടങ്ങൾ |
| | | | പ്രതീക്ഷിത ചെലവ് | സ്രോതസ്സ് | | | |
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | രാഷ്ട്രഭാഷ ശ്രേഷ്ഠ ഭാഷ ഹിന്ദിയിൽ പതിപ്പ് തയ്യാറാക്കൽ പദച്ചാർട്ടുകൾ നാടകീകരണം. ബുള്ളറ്റിൻ (വാർത്ത) | മാസത്തിലൊന്നു വീതം | Rs.500/- | PTA | ഹിന്ദി ക്ലബ്ബ് | H.M | ഹിന്ദി ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിന് |
| ഹിന്ദി ഭാഷയിൽ ആശയ വിനിമയം നടത്തുന്നതിന് | സ്കിറ്റ്, സംഭാഷണം, നാടകം, റോൾ പ്ലേ അഭിമുഖം | 1 വർഷം | Rs.500/- | P.T.A | SRG | H.M | |
| ഹിന്ദി അക്ഷരങ്ങളും വാക്കുക ളും വാക്യങ്ങളും, വിവരണവും തെറ്റുകൂടാതെ എഴുതുന്നു | പദകേളികൾ കഥാചാർട്ട് തർജ്ജമ വാക്യ നിർമ്മാണ ഡിക്ഷ്ണറി പദസൂര്യൻ | | | | | Class Tr. | പദങ്ങൾ, വാക്യങ്ങൾ വിവരണം എന്നിവ - തയ്യാറാക്കാൻ കഴിവ് നേടുന്നു. |

| മേഖല : അക്കാദമികം | | | | | | | |
|---|---|---|---|---|---|---|---|
| ഉപമേഖല : ഹിന്ദി-വായന | | | | | | | |
| നിലവിലുള്ള അവസ്ഥ വിശലനം :പുതിയ ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട് | | | | | | | |
| ക്ലാസ് V | | | | | | | |
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തനങ്ങൾ നടക്കുന്ന കാലം | സാമ്പത്തികവിശകലനം | | ചുമതല | മോണിററിങ്ങ് പിന്തുണ | പ്രതീക്ഷിത നേട്ടങ്ങൾ |
| | | | പ്രതീക്ഷിത ചെലവ് | സ്രോതസ്സ് | | | |
| സർഗാത്മക ബോധം വളർത്തുന്നതിന് എഴുത്ത്, വായന എന്നിവ മെച്ചപ്പെടുത്തുന്നതിന് | ചിത്രവായന കഥാവായന കവിതാലാപനം അക്ഷരക്കളികൾ ഹിന്ദിക്യാമ്പ് അഭിനയം (പരിശീലനം) സംഭാഷണങ്ങൾ നാടകങ്ങൾ, ഡോക്യുമെന്റേഷൻ, അനൗൺസ്മെന്റ്, ഐറ്റി സാദ്ധ്യത ഉപയോഗിച്ച് ഹിന്ദി സിനിമ - കലോത്സവം | 3 മാസം | - | - | SRG | P.T.A M.T.A BRC | തെറ്റു കൂടാതെ ഹിന്ദി എഴുതാനും വായിക്കാനും കഴിവ് നേടുന്നു. സർഗാത്മക രചനകൾ |
| കരുക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഹിന്ദി ഭാഷാ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക | ഹിന്ദി ക്ലബ്ബ് ദിനാചരണം, രചനാ മത്സരങ്ങൾ മാഗസിൻ | 1 വർഷം | - | - | | | കുട്ടികളുടെ സർഗശേഷി വർദ്ധിക്കുന്നു |
| ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോ | അനൗൺസ്മെന്റ് കേൾക്കാൻ അവസരം നൽകുന്നു. (റെയിൽവെ | 1 വർഷത്തിലൊരിക്കൽ | Rs.1000/- | | SRG | H.M | ഹിന്ദിഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനും കഴിവ് |

| മേഖല : അക്കാദമികം | | | | | | | |
|---|---|---|---|---|---|---|---|
| ഉപമേഖല : ഹിന്ദി-വായന | | | | | | | |
| **നിലവിലുള്ള അവസ്ഥ വിശലനം :പുതിയ ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട്** | | | | | | | |
| **ക്ലാസ് V** | | | | | | | |
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **പ്രവർത്തനങ്ങൾ നടക്കുന്ന കാലം** | **സാമ്പത്തികവിശകലനം** | | **ചുമതല** | **മോണിറ്ററിങ്ങ് പിന്തുണ** | **പ്രതീക്ഷിത നേട്ടങ്ങൾ** |
| | | | **പ്രതീക്ഷിത ചെലവ്** | **സ്രോതസ്സ്** | | | |
| ടെയും ഹിന്ദി ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് വികസിപ്പിക്കുക | സ്റ്റേഷൻ) I.C.T സാദ്ധ്യതകൾ ഹിന്ദി സിനിമകൾ | | | | | P.T.A | നേടുന്നു. |

| മേഖല: ഭാഷ<br>ഉപമേഖല: അറബിക് | | | | | |
|---|---|---|---|---|---|
| അറബി ഭാഷാപഠിക്കാനും ഒഴുക്കോടെ സംസാരിക്കാനും ഉള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കൽ | | | | | |
| ക്ര. ന. | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ/സാമ്പത്തിക |
| 1 | ലക്ഷ്യം: ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷാ പഠിക്കാനും ഒഴുക്കോടെ സംസാരി ക്കാനുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കൽ (അറബിക് ലാംഗ്വേജ് ലാബ്)<br>അറബിക് കമ്മ്യൂണിക്കേഷൻ | • പ്രൈമറി ക്ലാസ് മുതൽ ശേഷിക ളുടെ വളർച്ച ഉറപ്പ് വരുത്തുക<br>• മുന്നറിവ് പരിശോധിക്കൽ<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• വാചകങ്ങൾ നിർമിക്കൽ<br>• ഭാഷാകളികൾ<br>• തനതായ അറബി ഭാഷകേൾക്കാനും അനുഭവി ക്കാനും എൽ. ഡി. സി. പ്രോജ ക്ടിന്റെ സഹായത്തോടെ സൗകര്യം ഉണ്ടാക്കുക.<br>• ഭാഷാപ്രദർശനം<br>• ഭാഷാക്യാമ്പ് | 8 മാസം | പുസ്തകങ്ങൾ, വർക് ഷീറ്റു കൾ, എൽ. സി. ഡി കമ്പ്യൂട്ടർ ലാംഗ്വേജ് ലാബ് | • ബി.ആർ. സി, എസ്. എം. സി, പൂർവ്വവി ദ്യാർത്ഥികൾ |
| 2 | വായനാലോകം<br><br>കുട്ടിയെ വായനയുടെ ലോക ത്തേക്ക് കൊണ്ട് വരൽ<br><br>നല്ല വായനക്കാരനാക്കുക | • തെരഞ്ഞെടുത്ത ലളിതമായ അറ ബിക് പുസ്തകശേഖരം (അ റബിക് ലൈബ്രറി)<br>• ചിത്രകഥ (അറബിക്)<br>• കഥ പുസ്തകം<br>• കുട്ടികവിതകൾ<br>• ചെറിയ വിവരണ ബുക്കുകൾ (അ റബിക്)<br>• അറബിക് ക്വിസ്സ് | 6 മാസം | സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്ര റി<br><br>പുസ്തകങ്ങൾ | • അറബിക് അധ്യാപകർ<br>• റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷാ അധ്യാപ കർ<br>• ഭാഷാസ്നേഹികൾ<br>• നാട്ടിലെ അറബി രാജ്യ ങ്ങളിൽ ജോലി ചെയ്യു ന്നവർ<br>• ഓരോ കുട്ടി ഓരോ ബുക് സംഭാവന ചെയ്യൽ |

| മേഖല: ഭാഷ<br>ഉപമേഖല: അറബിക് | | | | | |
|---|---|---|---|---|---|
| അറബി ഭാഷാപഠിക്കാനും ഒഴുക്കോടെ സംസാരിക്കാനും ഉള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കൽ | | | | | |
| ക്ര. ന. | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ/സാമ്പത്തിക |
| | | • **ക്ലാസ് വായന**<br>ഓരോ അറബിക് പിരിഡിലും ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക. വായിച്ച ബുക്കുകൾ രേഖപ്പെടുത്തിവെക്കുക, കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നൽകുക | | | • സർക്കാർ ഫണ്ട് |
| 3. | **അറബിക് മധുരം** | എഴുത്ത്, വായന | 3 മാസം | പുസ്തകങ്ങൾ | ബി.ആർ. സി. |
| | അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പ്രത്യേക പരിപാടി | • ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തുക<br>• അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പെയ്ന്റിൽ അക്ഷരങ്ങൾ നൽകി കുട്ടികൾ നിറം നൽകുക<br>• അക്ഷരഗൈമുകളിലൂടെ കുട്ടി ആസ്വദിച്ച് അക്ഷരങ്ങൾ പഠിക്കുന്നു<br>• പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് 'അറബിക് മധുരം' ക്ലാസ് നൽകുക | | കമ്പ്യൂട്ടർ<br>ലാബ് | ഡയറ്റ്<br>പൂർവ്വവിദ്യാർത്ഥികൾ |
| 4. | പദപരിചയം | ഒരു പദം പരിചയപ്പെടൽ | 1 വർഷം | മൈക്ക് | |
| | അറബി പദസമ്പത്ത് വർദ്ധിപ്പിക്കൽ | അറബിക് അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവസവും രാവിലെ ഒരു വിദ്യാർത്ഥി | | | അറബിക് അധ്യാപകൻ |

| മേഖല: ഭാഷ<br>ഉപമേഖല: അറബിക് | | | | | |
|---|---|---|---|---|---|
| അറബി ഭാഷാപഠിക്കാനും ഒഴുക്കോടെ സംസാരിക്കാനും ഉള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കൽ | | | | | |
| ക്ര. ന. | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ/സാമ്പത്തിക |
| | | അറബി പദം മൈക്കിലൂടെ പരിച യപ്പെടുത്തുന്നു.<br>ക്ലാസ് ലീഡർ ആ പദം ബോർഡിൽ എഴുതുന്നു<br>പ്രസ്തുത പദം അറബിക് നോട്ടീസ് ബോർഡിൽ എഴുതുന്നു<br>എല്ലാ വിദ്യാർത്ഥികളും എഴുതി എടുക്കുന്നു.<br>വിലയിരുത്തൽ നടക്കുന്നു.<br>സമ്മാനം നൽകുന്നു. | | | |
| 5. | അറബിക് അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം ക്ലാസ് തലത്തിൽ അറബിക് അസംബ്ലി സംഘടിപ്പിക്കുക.<br>ചെറിയ വാർത്തകൾ വായിക്കുക<br>അറബിക് കുറിപ്പുകൾ വായി ക്കുക<br>അധ്യാപകൻ നൽകുന്ന വസ്തു വിനെ കുറിച്ച് ചെറിയ വിവരണം നൽകുക | | | |
| 6. | എഴുത്തിന്റെ ലോകം | • ക്ലാസ് മാസിക നിർമ്മാണം ചുമർപത്രിക<br>• വായനാകാർഡ്<br>മാതൃക നൽകി മത്സരം നടത്തി നല്ലത് കണ്ടെത്തി എഡിറ്റ് ചെയ്ത് വൃത്തിയായി എഴുതി കളർ നൽകി വായനാകാർഡ് നിർമ്മിക്കുക | | ചാർട്ട് കളർ | |

| മേഖല: ഭാഷ<br>ഉപമേഖല: അറബിക് | | | | | |
|---|---|---|---|---|---|
| അറബി ഭാഷാപഠിക്കാനും ഒഴുക്കോടെ സംസാരിക്കാനും ഉള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കൽ | | | | | |
| ക്ര. ന. | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ/സാമ്പത്തിക |
| 7. | **ഡിജിറ്റൽ ലോകം**<br>എല്ലാ കുട്ടികൾക്കും പ്രൈമറി പഠനം കഴിയും മുമ്പ് അറബിക് കീബോർഡ് പഠിക്കൽ<br>• പവർ പോയിന്റ് പരിചയപ്പെടൽ | • ഈ കാലഘട്ടത്തിൽ കമ്പ്യൂട്ടർ പരിജ്ഞാനം അനിവാര്യമായതിനാൽ പ്രൈമറി ക്ലാസിൽ നിന്നു തന്നെ കുട്ടികൾ കീ ബോർഡ് പരിചയപ്പെടുകയും ചെറിയ വാക്കുകൾ ടൈപ്പ് ചെയ്യാൻ കഴിവ് നേടുകയും ചെയ്യണം. ആഴ്ചയിൽ ഒരു ദിവസം ഇതിന് അവസരം നൽകൽ<br>• ഫോട്ടോകളും ടൈപ്പ് ചെയ്ത വാക്കുകളും ചേർത്ത് ചെറിയ പി. പി. ടി.കൾ ഉണ്ടാക്കാൻ പരിചയപ്പെടുക | 1 വർഷം | കമ്പ്യൂട്ടർ ലാബ് | പൂർവ്വവിദ്യാർത്ഥികൾ കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ഭാഷാ സ്നേഹികൾ |
| 8. | സ്കൂൾ വാർഷികം | സ്കൂൾ വാർഷികത്തിൽ അറബിക് നാടകം/ചിത്രീകരണം/മോണോ ആക്ട്/വാർത്താവനായ, മറ്റു ഇനങ്ങൾ പ്രാക്റ്റീസ് നൽകി അവതരിപ്പിക്കൽ | | സ്കൂൾ കെട്ടിടം | പൂർവ്വവിദ്യാർത്ഥികൾ, ഭാഷാ സ്നേഹികൾ, അറബി ഭാഷാ പഠിതാക്കൾ |
| 9. | **നല്ല എഴുത്ത്**<br>കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | അറബിഭാഷയുടെ തനതായ സൗന്ദര്യ എഴുത്ത്<br>• ഓരോ കുട്ടിക്കും പ്രത്യേക വർക്ക് ഷീറ്റുകളും കോപ്പികളും നൽകി പരിശീലനം നൽകൽ<br>• വർഷത്തിൽ ഒരിക്കൽ കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുക.<br>• ചുമർ പത്രിക | 1 വർഷം | പുസ്തകങ്ങൾ | |

| മേഖല: ഭാഷ<br>ഉപമേഖല: അറബിക് | | | | | |
|---|---|---|---|---|---|
| **അറബി ഭാഷാപഠിക്കാനും ഒഴുക്കോടെ സംസാരിക്കാനും ഉള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കൽ** | | | | | |
| **ക്ര. ന.** | **കാര്യക്രമം** | **പ്രവർത്തനം** | **കാലയളവ്** | **ഭൗതികം** | **പിന്തുണ/സാമ്പത്തിക** |
| 10. | ദിനാചരണങ്ങൾ | സ്കൂളിൽ നടക്കുന്ന ദിനാചരണ ങ്ങളിൽ അധ്യാപകന്റെ സഹായ ത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു നേരത്തെ നിശ്ചയിച്ചതനുസരിച്ച് ഓരോ ദിനങ്ങൾക്കുമുള്ള പോസ്റ്റ റുകൾ നിർമ്മിക്കുന്നു. | 1 വർഷം | | കളർ ചാർട്ടുകൾ കളർ പെൻസിലുകൾ |
| 11. | അറബിക് എക്സ്പോ | അറബിക് ദിനത്തിലോ അല്ലാ തയോ ഫുൾഡേ/ഹാഫ്ഡേ അറ ബിക് എക്സ്പ്പോ നടത്തുക.<br>**കാര്യപരിപാടികൾ**<br>• ഉദ്ഘാടനം<br>• ആദരിക്കൽ<br>ഇത്വരെ നടത്തിയ മത്സരങ്ങ ളുടെ സമ്മാനദാന ചടങ്ങ്<br>അറബിക് കലാ അവതരണം<br>അറബിക് പ്രദർശനം<br>ഭാഷാചരിത്രം<br>വികാസം, പ്രാധാന്യം<br>ഭാഷാസൗന്ദര്യം<br>അറബിക് കാലിഗ്രാഫി<br>പ്രദർശനവസ്തുക്കളുടെ അറ ബിക് പേരുകൾ അത് പരിചയപ്പെ ടുത്തൽ | | | |
| 12. | ആസ്വാദനലോകം | **1. ആസ്വാദനസഭ**<br>പാടാനും ആടാനും കഴിയുന്ന മികച്ച പ്രതിഭ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും | 6 മാസം | സ്കൂൾ ഹാൾ<br>ലാംഗ്വേജ് | |

**മേഖല: ഭാഷ**
**ഉപമേഖല: അറബിക്**

**അറബി ഭാഷാപഠിക്കാനും ഒഴുക്കോടെ സംസാരിക്കാനും ഉള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കൽ**

| ക്ര. ന. | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ/സാമ്പത്തിക |
|---|---|---|---|---|---|
| | | ശ്രവിക്കാനും അവസരം നൽകാൻ രണ്ടാഴ്ചയിൽ ഒരിക്കൽ ആസ്വാദനസഭ ചേരുക ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭ യിൽ ആസ്വാദകരാവണം.<br>**2.കാഴ്ചയും കേൾവിയും**<br>ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടു കളും ഷോർട്ട് ഫിലിമുകളും എൽ. സി.ഡി. പ്രോജക്റ്റിന്റെ സഹായത്തോടെ കാണാൻ അവ സരം നൽകുക | | ലാബ്<br>എൽ. സി. ഡി.<br>കമ്പ്യൂട്ടർ | |
| 13. | മത്സരങ്ങളുടെ ലോകം | മുഴുവൻ വിദ്യാർത്ഥികളിലേയും വ്യത്യസ്ത കഴിവുകളെ ഉണർത്തുന്നതിന് വേണ്ടി അറ ബിക് മത്സരങ്ങൾ നടത്തുക<br>• ക്വിസ്<br>• പദനിർമ്മാണം<br>• ഗദ്യവായന<br>• പദപയറ്റ്<br>• കളറിംഗ്<br>• മെമ്മറിടെസ്റ്റ് | | | |

**മേഖല: ഗണിതം**
**ഉപമേഖല: സംഖ്യാബോധം**
**നിലവിലുള്ള അവസ്ഥ:**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക സ്രോതസ്/ചെലവ് | ചുമതല | മോണിറ്ററിംഗ് | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|---|
| വലുത്, ചെറുത് എന്ന ആശയം എല്ലാവരിലും എത്തിക്കുക | • സംഖ്യാറിബ്ബൺ<br>• പാമ്പും കോണിയും കളി<br>• ഗണിത കളികൾ<br>• ആരോഹണവരഹോണം | അധ്യയ വർഷം | | ക്ലാസ്സ് ടീച്ചർ | | എല്ലാ കുട്ടികൾക്കും വലുത് ചെറുത് എന്ന ധാരണ ഉറപ്പിക്കാൻ കഴിയുന്നു |
| സ്ഥാനവില തിരിച്ചറിയുന്നതിലൂടെ വലുതും ചെറുതുമായ സംഖ്യകൾ കണ്ടെത്തുന്നു | • സ്ഥാനവില പോക്കറ്റ്<br>• അബാക്കസ്<br>• കളങ്ങൾ പൂർത്തിയാക്കൽ<br>• വലുതാര് ചെറുതാര്<br>• നോട്ടുകൾ<br>• വില കൂടുതൽ കുറവ് | അധ്യയന വർഷം | | രക്ഷിതാവ് | | സ്ഥാനവില അനുസരിച്ച് സംഖ്യകൾ എഴുതുന്നതിനും ക്രമീകരിക്കുന്നതിനുമുള്ള കഴിവ് നേടുന്നു |
| പാറ്റേണുകൾകൾക്ക് കണ്ടെത്തുന്നു | • സംഖ്യറിബ്ബൺ<br>• ഒളിച്ചുകളി<br>• തവളച്ചാട്ടം<br>• മാന്ത്രിക ചെപ്പ്<br>• ആഹാ കളി<br>• കലണ്ടർ | അധ്യയന വർഷം | | എസ്. ആർ. ജി. ക്ലാസ് ടീച്ചർ | | വിവിധ നിലവാരത്തിലുള്ള പാറ്റേണുകൾ കൂട്ടി സ്വയം നിർമ്മിക്കാനുള്ള കഴിവ് നേടുന്നു |
| നിശ്ചിത സംഖ്യ എണ്ണിയെടുക്കുന്നതിനും അവ ലേഖനരൂപത്തിലാക്കു | • യോജിച്ചവ കണ്ടെത്തുന്നു.<br>• മഞ്ചാടിപെറുക്കൽ<br>• വരച്ചു ചേർക്കൽ<br>• പറയൂ പറയൂഎത്ര പേർ<br>• വരച്ച് ചേർത്ത് യോജിപ്പിക്കുന്നു | | | എസ്. ആർ. ജി. ക്ലാസ് ടീച്ചർ | | വലതും ചെറുതുമായ സംഖ്യകൾ എണ്ണിയെടുത്ത് അവ എഴുതുന്നതിനുള്ള നേട്ടം |

| മേഖല: ഗണിതം<br>ഉപമേഖല: സംഖ്യാബോധം | | | | | | |
|---|---|---|---|---|---|---|
| നിലവിലുള്ള അവസ്ഥ: | | | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക സ്രോതസ്/ചെലവ് | ചുമതല | മോണിറ്ററിംഗ് | പ്രതീക്ഷിത നേട്ടങ്ങൾ |
| കയും ചെയ്യുന്നതിന് | • സ്റ്റാംപിറ്റ് | | | | | കൈവരിക്കുന്നു. |
| പൂജ്യം എന്ന ആശയം കണ്ടെത്തുന്നതിനും '0' ചിഹ്നം ഉപയോഗിച്ച് രേഖപ്പെടുത്തുന്നതിനും | • ബാക്കി എത്ര പേർ<br>• മഞ്ചാടി വാരൽ<br>• വിട്ടുപോയത് കണ്ടെത്തൽ | | | | | ബാക്കി ഒന്നും ഇല്ലാത്ത അവസ്ഥയാണ് 'പൂജ്യം എന്ന ആശയം കുട്ടിക ളിലെത്തിക്കാൻ കഴിയുന്നു |
| ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിന് | • ചിത്ര വിവരണം<br>• മധുരപലഹാര വിതരണം<br>• പട്ടിക പൂർത്തിയാക്കൽ<br>• കണക്കെടുപ്പ്<br>• സ്കൂളിൽ ആഹാരം കഴിക്കുന്നവർ<br>• സർവ്വെ<br>• കച്ചവടക്കളി | | | | | ദൈനംദിന ജീവിതത്തിലെ പ്രായോഗിക പ്രശ്നങ്ങൾക്ക് പരിഹാരം നേടാനുള്ള കഴിവ് നേടുന്നു |
| കലണ്ടർ ഉപയോഗിച്ച് തിയ്യതി, മാസം, ദിവസം, പാറ്റേണുകൾ എന്നിവ കണ്ടെത്തുന്നതിന് | • കലണ്ടർ തയ്യാറാക്കൽ<br>• വിട്ടുപോയവ കണ്ടെത്തൽ<br>• ദിനാചരണങ്ങൾ കണ്ടെത്തൽ<br>• ജന്മദിനം<br>• അവധി ദിവസങ്ങൾ<br>• അടുത്ത മാസത്തെ കലണ്ടർ | | | | | ദൈനദിന ജീവിതവുമായി ബന്ധപ്പെട്ട് ദിവസം, തിയ്യതി, മാസം എന്നിവ കണ്ടെത്താനുള്ള കഴിവ് നേടു |

| മേഖല: ഗണിതം<br>ഉപമേഖല: സംഖ്യാബോധം | | | | | | |
|---|---|---|---|---|---|---|
| നിലവിലുള്ള അവസ്ഥ: | | | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക സ്രോതസ്/ചെലവ് | ചുമതല | മോണിറ്ററിംഗ് | പ്രതീക്ഷിത നേട്ടങ്ങൾ |
| | തയ്യാറാക്കൽ<br>• പൊതു അവധികൾ കണ്ടെത്തൽ<br>• മാസവും ദിവസവും കണ്ടെത്തി പറയുന്നത്<br>• ആഴ്ചകളും മാസങ്ങളും ക്രമമായി പറയുന്നതിനും എഴുതുന്നതിനും | | | | | ന്നു. |
| സംഖ്യാ ബോധം ഉറപ്പിക്കുന്നതിന്<br><br>ചതുഷ് ക്രിയകൾ ഉറപ്പിക്കുന്നതിന് | • സംഖ്യാപാറ്റേണുകൾ<br>• സംഖ്യാറിബ്ബൺ, അടുത്താര്<br><br>• സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവയുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് അവസരം നൽകുന്നു.<br>**കുട്ടിക്കച്ചവടം**<br><br>• **ഗണിത മൂല (ഗണിത കിറ്റ്)** ഗണിതപഠനത്തിനുള്ള വിവിധ പഠനോപകരണങ്ങൾ എല്ലാ ക്ലാസുകളിലും ശേഖരിക്കുന്നു. ആവശ്യാനുസരണം ഉപയോഗപ്പെടുത്തുന്നു. | വർഷത്തിലൊരിക്കൽ<br><br>വർഷം മുഴു | | എസ്. ആർ. ജി | എച്ച്.എം., പി. ടി.എ | ചതുഷ് ക്രിയയുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നു |

| മേഖല: ഗണിതം<br>ഉപമേഖല: സംഖ്യാബോധം | | | | | | |
|---|---|---|---|---|---|---|
| നിലവിലുള്ള അവസ്ഥ: | | | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക സ്രോതസ്/ചെലവ് | ചുമതല | മോണിറ്ററിംഗ് | പ്രതീക്ഷിത നേട്ട ങ്ങൾ |
| | | വൻ | | | | |
| അളവുകൾ തൂക്കങ്ങൾ എന്നിവ മന സ്സിലാക്കുന്ന തിന് | മെട്രിക് മേള ഗണിത ക്യാമ്പ് | വർഷത്തി ലൊരിക്കൽ | 5000, പി.ടി.എ | എസ്. ആർ. ജി | എച്ച്.എം. പി. ടി.എ | അളവുകൾ, തൂക്കങ്ങൾ എന്നിവയു മായി ബന്ധ പ്പെട്ട പ്രായോ ഗിക പ്രശ്ന ങ്ങൾ കൈകാര്യം ചെയ്യുന്നു. |
| ചില്ലറയാക്കു ന്നതിന് | കളിനോട്ട് വിപണനമേള | വർഷ | | എസ്. ആർ. ജി. പി.ടി.എ, എം. ടി. എ | പി.ടി.എ, എച്ച്. എം. | 10, 20, 50, 100, 200, 500, 2000 എന്നീ നോട്ടു കൾ ചില്ലറയാ ക്കാനുള്ള ശേഷി നേടുന്നു |
| ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയു ന്നു. ഉപകരണ ങ്ങൾ ഉപയോ ഗിച്ച് കൃത്യ അളവിൽ വര ക്കുന്നതിന് | രൂപങ്ങളുപയോഗിച്ച് ചിത്രം | | | | | |
| ഭാരവുമായി ബന്ധപ്പെട്ട് | • എന്റെ ഭാരം<br>• ക്ലാസിലെ കുട്ടികളുടെ ഭാരം പട്ടി | | | | | ത്രാസ്, വെയിങ്ങ് |

| മേഖല: ഗണിതം<br>ഉപമേഖല: സംഖ്യാബോധം | | | | | | |
|---|---|---|---|---|---|---|
| നിലവിലുള്ള അവസ്ഥ: | | | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക സ്രോതസ്/ചെലവ് | ചുമതല | മോണിറ്ററിംഗ് | പ്രതീക്ഷിത നേട്ട ങ്ങൾ |
| ഉപകരണ ങ്ങൾ, യൂണി റ്റുകൾ തമ്മി ലുള്ള ബന്ധം എന്നിവ കണ്ടെത്തുന്ന തിന് | കപ്പെടുത്തൽ<br>• ഓണ സദ്യ<br>• ഉച്ചഭക്ഷണം<br>• ഗ്രാം, കിലോഗ്രാം എന്നിവ തമ്മി ലുള്ള ബന്ധം കണ്ടെത്തുന്നു<br>• ത്രാസ്, വെയിങ്ങ് മെഷീൻ എന്നിവ പരിചയപ്പെടുന്നു<br>• വിവിധതരം തൂക്കകട്ടികൾ നിർമ്മി ക്കുന്നു | | | | | മെഷീൻ എന്നിവയുടെ ഉപയോഗം മന സ്സിലാക്കാനും അളന്ന് തിട്ടപ്പെ ടുത്താനുമുള്ള കഴിവ് നേടുന്നു |
| ഭിന്ന സംഖ്യ കൾ | • നിറം നല്കാം<br>• പലഹാരവിതരണം<br>• പകുതിയാക്കൽ | | | | | |
| സമയം മന സ്സിലാക്കു ന്നതിന് റെയിൽവെ ടൈം സാധാ രണ സമയം എന്നിവ തിരിച്ചറിയുന്ന തിന് | • ക്ലോക്ക് നിർമ്മാണം<br>• നിഴൽ നോക്കി സമയം മനസ്സിലാ ക്കൽ | | | | | വാച്ച്, ക്ലോക്ക് എന്നിവ നോക്കി സമയം കണ്ടെത്തി പറ യാനുള്ള കഴിവ് നേടു ന്നു. സമയം വിലപ്പെട്ടതാ ണെന്നുമുള്ള ധാരണ ഉറപ്പി ക്കുന്നു. |

| മേഖല: ഗണിതം<br>ഉപമേഖല: സംഖ്യാബോധം | | | | | | |
|---|---|---|---|---|---|---|
| നിലവിലുള്ള അവസ്ഥ: | | | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക സ്രോതസ്/ചെലവ് | ചുമതല | മോണിറ്ററിംഗ് | പ്രതീക്ഷിത നേട്ടങ്ങൾ |
| | • ക്ലാസ് ടൈംടേബിൾ<br>• നിങ്ങളുടെ ഒരു ദിവസം (എന്റെ ദിവസം)<br>• എത്ര മണിക്കൂർ<br>• വാച്ച് നിർമ്മാണം<br>• റെയിൽവേ സ്റ്റേഷൻ<br>• തീവണ്ടി സമയം<br>• സെക്കന്റ്, മിനുറ്റ് മണിക്കൂർ ഇവ തമ്മിലുള്ള ബന്ധം | | | | | |

**മേഖല: അക്കാദമികം**

**ഉപമേഖല : ശാസ്ത്രം**

**നിലവിലുള്ള അവസ്ഥാ വിശകലനം : ശാസ്ത്രസംബന്ധമായ വിഷയങ്ങളിൽ ധാരണകുറവ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനങ്ങൾ നടക്കുന്ന കാലം | സാമ്പത്തിക വിശകലനം | | ചുമത | മോണിറ്ററിംഗ്/പിന്തുണ | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|---|---|
| | | | പ്രതീക്ഷിത ചെലവ് | സ്രോതസ്സ് | | | |
| ശാസ്ത്രം പ്രവർത്തന മാണ് | **ശാസ്ത്രമേള** സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപ ജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിലൊരു പ്രാവിശ്യം | 1000 | പി.ടി.എ | ശാസ്ത്ര ക്ലബ്ബ് | എച്ച്. എം. | ശാസ്ത്ര അഭിരുചി വളർത്തൽ |
| ശാസ്ത്ര പഠനം രസകരമാക്കാൻ | **ഫീൽഡ് ട്രിപ്പ്** പ്ലാനറ്റോറിയം- ആകാശ വിസ്മയകാഴ്ചകൾ, ജൈവ വൈവിധ്യപാർക്ക് സന്ദർശനം, ശാസ്ത്ര പ്രദർശനങ്ങൾ | വർഷത്തിലൊരിക്കൽ | 1000 | പി.ടി.എ | ശാസ്ത്രക്ലബ്, പി.ടി എ. | എച്ച്.എം. | ശാസ്ത്രഅവബോധം വളർത്തൽ |
| ശാസ്ത്രപഠനം കൂടുതൽ ശാസ്ത്രീയമാക്കാൻ | **ശാസ്ത്ര ലാബ്** വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരുമുറിയിൽ ശാസ്ത്ര ലാബ് ക്രമീകരിക്കൽ | വർഷത്തിലൊരു പ്രാവിശ്യം | 5000 | പി.ടി.എ | ശാസ്ത്ര ക്ലബ്ബ് | എച്ച്.എം. | ശാസ്ത്ര അഭിരുചി വളർത്തൽ |
| പ്രകൃതിയെ അടുത്തറിയാൻ അവസരം ഒരുക്കുക | **ജൈവ വൈവിധ്യപാർക്ക്** സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കൽ | വർഷത്തിലൊരുപ്രാവിശ്യം | 15000 | | എസ്. ആർ. ജി. ക്ലബ്ബുകൾ | എച്ച്.എം/പി. ടി.എ | പ്രകൃതിയുമായി ഇണക്കി ചേർക്കുക |
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യമാണ് | **പോഷകാഹാര പരിപാടി** ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വെച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തിദിവസങ്ങളിലും | | | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, എച്ച്. എം. | എച്ച്.എം. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനങ്ങൾ നടക്കുന്ന കാലം | സാമ്പത്തിക വിശകലനം | | ചുമതല | മോണിററിംഗ്/പിന്തുണ | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|---|---|
| | | | പ്രതീക്ഷിത ചെലവ് | സ്രോതസ്സ് | | | |
| | | | | | പി.ടി.എ | | |
| പരീക്ഷണ നിരീക്ഷണങ്ങളിൽ അറിവ് വളർത്തുക | **ശാസ്ത്ര പരീക്ഷണങ്ങൾ** പാഠഭാഗത്തിലെ പരീക്ഷണങ്ങൾ സ്വന്തമായ് ചെയ്യുന്നതിനും ചെയ്തു കാണുന്നതിനും അവസരം | ഇടയ്ക്കിടെ | | | ശാസ്ത്രാധ്യാപിക, ക്ലാസ് ടീച്ചർ | ക്ലാസ് ടീച്ചർ | പ്രശ്നം തെളിയിച്ച് നിഗമനത്തിലെത്തിച്ചേരുന്നതിന് |
| വിദ്യാലയത്തിന്റെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും ഉപകരിക്കുന്നഗവേഷണങ്ങൾ | **ഗവേഷണ പ്രോജക്ടുകൾ** വിദ്യാർത്ഥികളുടെ ഡേറ്റാ ബുക്ക് തയ്യാറാക്കൽ, പഠനപിന്നോക്കാവസ്ഥയുള്ളവർക്കുള്ള പ്രത്യേക വർക്ഷീറ്റുകൾ തയ്യാറാക്കൽ, സർവ്വേ നടത്തി ഇനിയും മെച്ചപ്പെടുത്തേണ്ടവ കണ്ടെത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ | വർഷത്തിൽ ഒന്നുവീതം | - | - | എസ്. ആർ. ജി. | എച്ച്.എം. | ഗവേഷണ താത്പര്യം വളർത്തുക |
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക | **ശാസ്ത്രമാജിക്** ശാസ്ത്രതത്വങ്ങൾ എളുപ്പം മനസ്സിലാക്കുവാൻ ഉപകരിക്കുന്നു. | | | | എസ്. ആർ. ജി | ക്ലാസ് ടീച്ചർ | ശാസ്ത്രപരീക്ഷണങ്ങളിൽ താത്പര്യം വളർത്തുക |
| ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ | **മോക്പാർലമെന്റ്** പ്രകടനപത്രിക, പ്രചാരണം, മീറ്റ് ദി കാൽഡിഡേറ്റ്, ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ, ഇതിന്റെ നേതൃത്വത്തിൽ ഇടവേളകളിൽ മോക് പാർലമെന്റ് സംഘടിപ്പിക്കൽ | 3 എണ്ണം | - | - | എസ്. ആർ. ജി, സ്കൂൾ പാർലമെന്റ് | എച്ച്.എം. | ജനാധിപത്യബോധം വളർത്തുക പൗരാവകാശം വളർത്തുക |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനങ്ങൾ നടക്കുന്ന കാലം | സാമ്പത്തിക വിശകലനം | | ചുമത | മോണിറ്ററിംഗ്/പിന്തുണ | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|---|---|
| | | | പ്രതീക്ഷിത ചെലവ് | സ്രോതസ്സ് | | | |
| ശാസ്ത്രത്തിന്റെ വിശാലതലത്തിലേക്ക് പ്രവേശിപ്പിക്കൽ | **ശാസ്ത്രലൈബ്രറി കോർണർ** അധികവായനയ്ക്ക് ഉപകരിക്കുന്ന ശാസ്ത്ര പുസ്തകങ്ങൾ, ഇയർബുക്കുകൾ, അറ്റ്ലസുകൾ എന്നിവ ഉൾപ്പെടുത്തി ശാസ്ത്രവായനാ കോർണർ ഒരുക്കൽ | വർഷത്തിൽ ഒരു പ്രാവിശ്യം | 5000 | സ്പോസർഷിപ്പ് | ശാസ്ത്ര ക്ലബ്ബ് | ശാസ്ത്രാധ്യാപിക | ശാസ്ത്രവിഷയങ്ങളിൽ കൂടുതൽ അറിവു കൂടുതൽ അറിവു നേടുക |
| സാമൂഹ്യ ശാസ്ത്ര അറിവുകളെ അപ്ഗ്രേഡ് ചെയ്യൽ | **ബുള്ളറ്റിൻ ബോർഡ്** വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | 1000/- | പി.ടി.എ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | എച്ച്.എം. | ആനുകാലിക സംഭവങ്ങൾ, വിവരങ്ങൾ ഗ്രഹിക്കുക |
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | **പച്ചക്കറിത്തോട്ടം** വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രാവിശ്യം | 3000/- | സ്പോൺസർഷിപ്പ് | എസ്. ആർ. ജി. | എച്ച്.എം. | കുട്ടികളിൽ കാർഷിക സംസ്കാരം വളർത്തുക |
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | **മാലിന്യ സംസ്കരണം** ജൈവമാലിന്യങ്ങളും അജൈവ മാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണ സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | 1 വർഷം | 2000/ | പി.ടി.എ | എസ്. എസ്. ജി. | എച്ച്.എം. | കുട്ടികളിൽ ശുചിത്വ ബോധം വളർത്തുക |

**മേഖല: അക്കാദമികം**

**ഉപമേഖല : സാമൂഹ്യശാസ്ത്രം**

**നിലവിലുള്ള അവസ്ഥാ വിശകലനം : സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ധാരണകുറവ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനങ്ങൾ നടക്കുന്ന കാലം | സാമ്പത്തിക വിശകലനം | | ചുമതല | മോണിറ്ററിംഗ്/പിന്തുണ | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|---|---|
| | | | പ്രതീക്ഷിത ചെലവ് | സ്രോതസ്സ് | | | |
| നിർമ്മാണ പ്രവർത്തനങ്ങളിലേർപ്പെടുന്നതിന് | <u>പ്രദർശനം</u><br>പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ക്ലാസിൽ നടക്കുന്ന വേറിട്ട പ്രവർത്തനങ്ങളുടെ ഉൽപ്പന്നങ്ങൽ പ്രദർശിപ്പിക്കൽ<br>മോഡലുകൾ<br>ശേഖരണം | 3 മാസം | 1000 | പി.ടി.എ എസ്. ആർ.ജി | ക്ലാസ്ടീച്ചർ, എസ്. ആർ.ജി | പി.ടി.എ, എം. ടി.എ | |
| ദേശസ്നേഹവും ധാർമിക മൂല്യവും വളർത്തുന്നു (ദിനാചരണങ്ങൾ) | ക്വിസ്മത്സരങ്ങൾ<br>പ്രസംഗ മത്സരങ്ങൾ<br>നാടകങ്ങൾ/സ്കിറ്റ്, സി. ഡി. പ്രദർശനം<br>മോക്ക് പാർലമെന്റ്<br><br>ചരിത്ര കലണ്ടർ- ജനുവരി മുതൽ ഡിസംബർ വരെയുള്ള ഓരോ ദിവസവും | 1 വർഷം | 1000 | സ്പോൺസർഷിപ്പ് | എസ്. ആർ. ജി. ടീച്ചേഴ്സ്<br><br>എസ്. ആർ. ജി. | പി.ടി.എ, എം. ടി. എ, എച്ച്.എം | ചരിത്രസത്യങ്ങൾ ഓർമപ്പെടുത്തുന്നു. |
| പ്രപഞ്ചവിസ്മയങ്ങളിൽ ധാരണയുണ്ടാക്കുന്നതിന് | എല്ലാ തിയതികളും എഴുതി കലണ്ടർ രൂപത്തിലാക്കുക, ഡിജിറ്റൽ ആൽബം<br><br>പ്രപഞ്ചം എന്ന മഹാത്ഭുതം വൈവിധ്യങ്ങളുടെ ലോകം സി. | 3 മാസം | 1000 | സ്പോസർഷിപ്പ് | ക്ലാസ് ടീച്ചേഴ്സ്, എസ്. ആർ.ജി | എച്ച്.എം. | പ്രപഞ്ചത്തിലെ വൈവിധ്യങ്ങളെക്കുറിച്ച് അറിവ് നേടുന്നു. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനങ്ങൾ നടക്കുന്ന കാലം | സാമ്പത്തിക വിശകലനം | | ചുമത | മോണിറ്ററിംഗ്/പിന്തുണ | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|---|---|
| | | | പ്രതീക്ഷിത ചെലവ് | സ്രോതസ്സ് | | | |
| | ഡി. പ്രദർശനം | | | | | | |
| സ്വന്തം പ്രദേശത്തെ കുറിച്ച് വിവരങ്ങൾ ശേഖരിക്കൽ | ഫീൽഡ് ട്രിപ്പുകൾ<br>അഭിമുഖം<br>എസ്. എസ്. ക്ലബ്ബ് പ്രവർത്തനങ്ങൾ | മാസത്തിലൊരിക്കൽ | 500 | എസ്. ആർ. ജി | | | |
| | സാമൂഹ്യശാസ്ത്ര പഠന പരിപോഷണത്തിന് അനിവാര്യമായ സ്ഥലങ്ങൾ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവ കണ്ടെത്തി പ്രാദേശിക വിഭവ ഭൂപടം നിർമിക്കൽ | വർഷത്തിലൊരിക്കൽ | 500 | പി.ടി.എ | എസ്. ആർ. ജി | എച്ച്.എ | |
| പ്രാദേശിക വിഭവങ്ങൾ ഉപയോഗപ്പെടുത്തൽ | സെമിനാർ, പഠനയാത്ര, ലോക രാജ്യങ്ങളെ പരിചയപ്പെടൽ (വേൾഡ് മാപ്പ്) | ഓരോ ദിവസവും | | | എസ്. ആർ. ജി. | എച്ച്.എം. | ലോകരാജ്യങ്ങളെക്കുറിച്ച് അറിവ് നേടുന്നു |

**മേഖല: അക്കാദമികം**

**ഉപമേഖല : കലാ വിദ്യാഭ്യാസം**

**നിലവിലുള്ള അവസ്ഥാ വിശകലനം :**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനങ്ങൾ നടക്കുന്ന കാലം | സാമ്പത്തിക വിശകലനം | | ചുമത | മോണിറ്ററിംഗ്/പിന്തുണ | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|---|---|
| | | | പ്രതീക്ഷിത ചെലവ് | സ്രോതസ്സ് | | | |
| ചിത്രരചനയിൽ പ്രാവീണ്യം നേടൽ, സർഗ ശേഷി വികസിപ്പിക്കൽ | **<u>ചിത്രരചനാകരളരി</u>**<br>അവധിക്കാലത്ത് ചിത്രരചനാ ക്യാമ്പുകൾ നടത്തുന്നു. ക്ലാസ് സമയത്തും ഒഴിവുസമയങ്ങളിലും ബന്ധപ്പെട്ട അധ്യാപകർ പരിശീലനം നൽകുന്നു. | 3 ദിവസം | 2500 | സ്പോസർഷിപ്പ് | എസ്. ആർ. ജി. | എച്ച്. എം. | കലാഭിരുചി കണ്ടെത്തുന്നു. പ്രോത്സാഹിപ്പിക്കുന്നു |
| കലാപരിപാടികളിൽ പങ്കെടുക്കുന്നതിന് സർഗ ശേഷി വികസിപ്പിക്കുന്നതിന് | **<u>റേഡിയോ സ്റ്റേഷൻ</u>**<br>ഓരോ ക്ലാസിലെയും കുട്ടികളുടെ പരിപാടികൾ (4 മണിക്ക് ശേഷം) അവതരിപ്പിക്കുന്നു.<br><br>ബാലസഭ, സാഹിത്യ സമാജം, വിദ്യാരംഗം, കലാസാഹിത്യ വേദി പ്രവർത്തനങ്ങൾ | 1 വർഷം | - | - | എസ്. ആർ. ജി. | എച്ച്.എം. | കലാപരിപാടികളിൽ പങ്കെടുക്കുന്നതിനുള്ള അവസരം ഉപയോഗപ്പെടുത്തുന്നു. |
| കുട്ടികളുടെ കലാപരമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു | **<u>മത്സരങ്ങളിൽ പങ്കെടുക്കൽ</u>** | നിശ്ചിത സമയങ്ങളിൽ | 2000 | സ്പോൺസർഷിപ്പ് | എച്ച്.എം. | പി.ടി.എ | സ്വന്തം കഴിവുകൾ തിരിച്ചറിയുകയും ആത്മവിശ്വാസം |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനങ്ങൾ നടക്കുന്ന കാലം | സാമ്പത്തിക വിശകലനം | | ചുമതല | മോണിറ്ററിംഗ്/പിന്തുണ | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|---|---|
| | | | പ്രതീക്ഷിത ചെലവ് | സ്രോതസ്സ് | | | |
| | | | | | | | വളർത്തുകയും ചെയ്യുന്നു. |
| | **<u>ശില്പശാലകൾ</u>**<br>നാടൻപാട്ട്, ശില്പശാല, കഥാ, കവിതാ ശില്പശാലകൾ എന്നിവ<br><br>നാടകക്കളരി തിയേറ്ററുകൾ | | | | | | |
| | സ്കൂൾ വാർഷികം | വർഷത്തിലൊരിക്കൽ | 30000 | സ്പോസർഷിപ്പ്, പി.ടി.എ, എം. ടി.എ, എസ്. ആർ. ജി. | എച്ച്. എം. അധ്യാപകർ | പി.ടി.എ | എല്ലാ കുട്ടികൾക്കും കലാപരിപാടികളിൽ പങ്കെടുക്കാനുള്ള അവസരംലഭിക്കുന്നു. |

**മേഖല: അക്കാദമികം**

**ഉപമേഖല : കായിക വിദ്യാഭ്യാസം**

**നിലവിലുള്ള അവസ്ഥാ വിശകലനം :**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനങ്ങൾ നടക്കുന്ന കാലം | സാമ്പത്തിക വിശകലനം | | ചുമതല | മോണിറ്ററിംഗ്/പിന്തുണ | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|---|---|
| | | | പ്രതീക്ഷിത ചെലവ് | സ്രോതസ്സ് | | | |
| സ്കൂളിലെ മുഴുവൻ കുട്ടികളുടെയും കായികക്ഷമത വർദ്ധിപ്പിക്കൽ | Daily Mass Drill<br>യോഗ പരിശീലനം<br>സ്കൂൾതല സ്പോർട്സ്<br>പ്രകൃതി നടത്തം | 1 വർഷം | - | - | ചുമതലയുള്ള അധ്യാപകർ | എച്ച്.എം.<br>പി.ടി.എ | |
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | വൈകുന്നേരങ്ങളിൽ കുട്ടികൾക്ക് കായിക പരിശീലനം നൽകുന്നു. ലഘുഭക്ഷണം നൽകുന്നു | ആഴ്ചയിൽ 3 ദിവസം | 500 | പി.ടി.എ | ചുമതലയുള്ള അധ്യാപിക | എച്ച്.എം. | മികച്ചച പ്രതിഭകളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. |
| അവാർഡ്/സമ്മാനം നൽകി ആദരിക്കൽ | കായികതാരങ്ങൾക്ക് അവാർഡ്/സമ്മാനങ്ങൾ സ്കൂൾ തലം, ഉപജില്ലാതലം, ജില്ലാതല വിജയികൾക്ക് ക്യാഷ് അവാർഡും മെഡലും നൽകൽ | ഓരോ തലത്തിലെയും മത്സരങ്ങൾക്കു ശേഷം | 1500 | പി.ടി.എ<br>സ്പോസർഷിപ്പ് | | | കുട്ടികൾക്കു വേണ്ട പ്രോത്സാഹനം നൽകുന്നു. |

**മേഖല: അക്കാദമികം**

**ഉപമേഖല :ആരോഗ്യം**

**നിലവിലുള്ള അവസ്ഥാ വിശകലനം : ആരോഗ്യത്തെക്കുറിച്ചുള്ള ധാരണകുറവ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനങ്ങൾ നടക്കുന്ന കാലം | സാമ്പത്തിക വിശകലനം | | ചുമത | മോണിറ്ററിംഗ്/പിന്തുണ | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|---|---|
| | | | പ്രതീക്ഷിത ചെലവ് | സ്രോതസ്സ് | | | |
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | പോഷാകാഹാരം (noon feeding)<br>ബോധവൽക്കരണ ക്ലാസ്<br>പ്രതിരോധ കുത്തിവെപ്പുകൾ | എല്ലാ ദിവസവം<br>വർഷത്തിൽ 2 പ്രാവിശ്യം<br>യഥാസമയം | 1000 | ഗവൺമെന്റ്<br>പി.ടിഎ<br>ഗവൺമെന്റ് | എച്ച്. എം, ചാർജ്ജുള്ള അധ്യാപകർ<br>എച്ച്.എം. എസ്. ആർ. ജി.<br>എച്ച്.എം. | പി.ടി.എ | കുട്ടികളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നു. പോഷകാഹാരങ്ങൾ നൽകാന് കഴിയുന്നു |
| | പ്രഥമ ശുശ്രൂഷ | | 1000 | സ്പോസർഷിപ്പ് | അധ്യാപകർ | | |
| | മെഡിക്കൽ ക്യാമ്പ് കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രവൈദ്യ പരിശോധന | വർഷത്തിലൊരിക്കൽ | 2500 | സ്പോസർഷിപ്പ് | എച്ച്.എം. പി.ടി.എ | എച്ച്.എം. | |
| | പച്ചക്കറിത്തോട്ടം നാടൻ ഭക്ഷണം | | 1000 | പി.ടി.എ, എം. ടി.എ, എസ്. ആർ.ജി | എം. ടി.എ | എച്ച്.എം. | |

**വരുംകാല സ്വപ്നങ്ങൾ**

- കോൺക്രീറ്റ് ബിൽഡിംഗ് വിത്ത് ഡിജിറ്റൽ ക്ലാസ് റൂമുകൾ നിർമാണം
- ഡൈനിംഗ് ഹാൾ നിർമാണം
- മുറ്റം ഇന്റർലോക്ക് ചെയ്യൽ
- പൂന്തോട്ട നിർമാണം
- ജൈവ വൈവിധ്യപാർക്ക്
- പെഡഗോഗി പാർക്ക് നിർമാണം
- ലൈബ്രറി വിത്ത് റീഡിംഗ് റൂം നിർമാണം
- ബേബി ഫ്രഡലി ടോയ്‌ലറ്റ് നിർമാണം
- സ്കൂൾ ബസ് വാങ്ങൽ
- ഗെയ്റ്റ് നിർമാണവും ചുറ്റുമതിൽ അറ്റകുറ്റപ്പണികൾ
- കളിസ്ഥല നിർമാണം
- ഓഡിറ്റോറിയം കം സ്റ്റേജ് നിർമാണം
- സ്വിമ്മിംഗ് പൂൾ നിർമാണം
- ഫർണിച്ചർ വാങ്ങൽ
- കമ്പ്യൂട്ടർ, ലാപ്ടോപ്പ് എന്നിവ വാങ്ങൽ
- ഓഫീസ് റൂം ആധുനികവൽക്കരണം
- ബോധവൽക്കരണ ക്ലാസുകൾ ഫോർ ടീച്ചേഴ്സ്, സ്റ്റുഡന്റ് & പാരന്റ്
- ഓറിയന്റേഷൻ ട്രെയിനിംഗ് പ്രോഗ്രാം